## അധ്യായം 12

# യൂസുഫ്

**അവതരണം മക്കയിൽ, വചനങ്ങൾ 111**

بِسۡمِ ٱللَّهِ ٱلرَّحۡمَٰنِ ٱلرَّحِيمِ

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

الٓرۚ تِلۡكَ ءَايَٰتُ ٱلۡكِتَٰبِ ٱلۡمُبِينِ ١

1. അലിഫ് -ലാം -റാ. സുവ്യക്തമായ വേദഗ്രന്ഥത്തിലെ വചനങ്ങളാണിവ.

إِنَّآ أَنزَلۡنَٰهُ قُرۡءَٰنًا عَرَبِيًّا لَّعَلَّكُمۡ تَعۡقِلُونَ ٢

2. തീർച്ചയായും നാം ഇതിനെ അറബിഭാഷയിൽ വായിക്കപ്പെടുന്ന പുസ്തകമാക്കി അവതരിപ്പി ച്ചിരിക്കുന്നു. നിങ്ങൾ ഗ്രഹിക്കുന്നതിനുവേണ്ടി.

نَحۡنُ نَقُصُّ عَلَيۡكَ أَحۡسَنَ ٱلۡقَصَصِ بِمَآ أَوۡحَيۡنَآ إِلَيۡكَ هَٰذَا ٱلۡقُرۡءَانَ

وَإِن كُنتَ مِن قَبۡلِهِۦ لَمِنَ ٱلۡغَٰفِلِينَ ٣

3. നിനക്ക് ഈ ഖുർആൻ ബോധനമായി നൽകിയതിലൂടെ നാം നിനക്ക് ഏറ്റവും നല്ല ചരി ത്ര കഥകൾ വിവരിച്ചു തരികയാണ്. ഇതിനുമുമ്പ് നീ (ഈ സംഗതികളെക്കുറിച്ച്) അറിവില്ലാത്തവനായിരുന്നുവല്ലോ.

3. മക്കയിലെ ചില ആളുകൾ നബി(സ)യോട് യൂസുഫ് നബിയെപ്പറ്റി ചോദിക്കുകയുണ്ടായി. ഈ ചോദ്യത്തിനുത്തരമായി ഉടനെ യൂസുഫ്നബി(അ)യുടെ കഥ പൂർണമായി അവരുടെ മുമ്പിൽ അല്ലാഹു അവതരിപ്പിച്ചു.

إِذۡ قَالَ يُوسُفُ لِأَبِيهِ يَٰٓأَبَتِ إِنِّي رَأَيۡتُ أَحَدَ عَشَرَ كَوۡكَبًا

وَٱلشَّمۡسَ وَٱلۡقَمَرَ رَأَيۡتُهُمۡ لِي سَٰجِدِينَ ٤

4. യൂസുഫ് തൻെറ പിതാവിനോട് പറഞ്ഞ സന്ദർഭം:പ്രിയ പിതാവേ, പതിനൊന്ന് നക്ഷ ത്രങ്ങളും സൂര്യനും ചന്ദ്രനും എനിക്കു സാഷ്ടാംഗം ചെയ്യുന്നതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു.

قَالَ يَٰبُنَيَّ لَا تَقۡصُصۡ رُءۡيَاكَ عَلَىٰٓ إِخۡوَتِكَ فَيَكِيدُواْ لَكَ كَيۡدًاۖ إِنَّ

ٱلشَّيۡطَٰنَ لِلۡإِنسَٰنِ عَدُوّٞ مُّبِينٞ ٥

5. അദ്ദേഹം പറഞ്ഞു: എൻെറ കുഞ്ഞേ! നിൻെറ ഈ സ്വപ്നത്തെപ്പറ്റി നിൻെറ സഹോദര ന്മാർക്ക് വിവരിച്ചുകൊടുക്കരുത്. അവർ നിനക്കെതിരെ വല്ല തന്ത്രവും പ്രയോഗിക്കും. തീർച്ചയായും പിശാച് മനുഷ്യൻെറ പ്രത്യക്ഷ ശത്രുവാകുന്നു.

5. ഇബ്റാഹീം നബി(അ)യുടെ മകന്‍, ഇസ്ഹാഖ് നബി(അ)യുടെ മകന്‍, യഅ്ഖൂബ്(അ)യുടെ മകനാണ് യൂസുഫ്(അ).
സ്വപ്നത്തിന്റെ വ്യാഖ്യാനം ഇതായിരുന്നു: സ്വപ്നത്തില്‍ കണ്ട പതിനൊന്ന് നക്ഷത്രങ്ങള്‍ അദ്ദേഹത്തിനുണ്ടായിരുന്ന പതിനൊന്ന് സഹോദരന്മാരും, സൂര്യന്‍ എന്നതുകൊണ്ട് പിതാവ് യഅ്ഖൂബ് നബി(അ)യും, ചന്ദ്രന്‍ അദ്ദേഹത്തിന്റെ പത്നി(യൂസുഫിന്റെ ചിറ്റമ്മ)യുമാണ് ഉദ്ദേശ്യം. അവരെല്ലാം ഒരുകാലത്തു അദ്ദേഹത്തിന്റെ മുന്നില്‍ തലകുനിക്കേണ്ടിവരുമെന്നുമായിരുന്നു ആ സ്വപ്നത്തിന്റെ പൊരുള്‍.
യൂസുഫി(അ)ന്റെ ചിറ്റമ്മമാരില്‍നിന്നുള്ള പത്തു സഹോദരന്മാര്‍ അദ്ദേഹത്തോട് അസൂയയുള്ളവരായിരുന്നു. സ്വപ്നത്തെപ്പറ്റി സഹോദരന്മാര്‍ അറിഞ്ഞാല്‍ അവര്‍ക്ക് യൂസുഫിനോട് വിദ്വേഷം തോന്നുകയും, യൂസുഫിനെതിരെ ഗൂഢാലോചന നടത്താന്‍ പിശാച് അവരെ പ്രേരിപ്പിക്കുകയും ചെയ്യേക്കുമോ എന്നാണ് സ്നേഹമുള്ള ആ പിതാവിന്റെ ഉല്‍കണ്ഠ. അതിനാല്‍ അവരെ സൂക്ഷിച്ചുകൊള്ളണമെന്ന് തന്റെ സദ്വൃത്തനായ മകനെ അദ്ദേഹം ഉണര്‍ത്തി.

---

وَكَذَٰلِكَ يَجْتَبِيكَ رَبُّكَ وَيُعَلِّمُكَ مِن تَأْوِيلِ ٱلْأَحَادِيثِ وَيُتِمُّ نِعْمَتَهُۥ
عَلَيْكَ وَعَلَىٰٓ ءَالِ يَعْقُوبَ كَمَآ أَتَمَّهَا عَلَىٰٓ أَبَوَيْكَ مِن قَبْلُ إِبْرَٰهِيمَ
وَإِسْحَٰقَ ۚ إِنَّ رَبَّكَ عَلِيمٌ حَكِيمٌ ﴿٦﴾

6. അപ്രകാരം നിന്റെ രക്ഷിതാവ് നിന്നെ തെരഞ്ഞെടുക്കുകയും കാര്യങ്ങളുടെ ആന്തരാര്‍ത്ഥം നിന്നെ പഠിപ്പിക്കുകയും, അവന്റെ അനുഗ്രഹത്തെ നിന്റെ മേലും യഅ്ഖൂബ് കുടുംബത്തിന്റെ മേലും അവന്‍ പൂര്‍ത്തിയാക്കിത്തരികയും ചെയ്യും. അവന്‍ നേരത്തെ നിന്റെ രണ്ടു പൂര്‍വപിതാക്കളായ ഇബ്റാഹീമിനും ഇസ്ഹാഖിനും അത് പൂര്‍ത്തീകരിച്ചുകൊടുത്തപോലെ. തീര്‍ച്ചയായും നിന്റെ നാഥന്‍ എല്ലാം അറിയുന്നവനും യുക്തിമാനുമാണ്.

۞ لَّقَدْ كَانَ فِى يُوسُفَ وَإِخْوَتِهِۦٓ ءَايَٰتٌ لِّلسَّآئِلِينَ ﴿٧﴾

7. തീര്‍ച്ചയായും യൂസുഫിലും അദ്ദേഹത്തിന്റെ സഹോദരന്മാരിലും ചോദിച്ചറിയുന്നവര്‍ക്ക് ദൃഷ്ടാന്തങ്ങളുണ്ട്.

إِذْ قَالُوا۟ لَيُوسُفُ وَأَخُوهُ أَحَبُّ إِلَىٰٓ أَبِينَا مِنَّا وَنَحْنُ عُصْبَةٌ إِنَّ أَبَانَا لَفِى
ضَلَٰلٍ مُّبِينٍ ﴿٨﴾

8. (അദ്ദേഹത്തിന്റെ സഹോദരന്മാര്‍ പരസ്പരം)പറഞ്ഞ സന്ദര്‍ഭം:യൂസുഫുംഅവന്റെ സഹോദരനുമാണ് നമ്മെക്കാള്‍ പിതാവിന് കൂടുതല്‍ ഇഷ്ടപ്പെട്ടവര്‍. നമ്മളാകട്ടെ (വലിയ) സംഘവുമാണ്. തീര്‍ച്ചയായും നമ്മുടെ പിതാവ് വ്യക്തമായ വഴികേടില്‍തന്നെയാണ്.

---

8. യഅ്ഖൂബ് നബി(അ)യുടെ മറ്റൊരു പേരാണ് ഇസ്രാഈല്‍ (ദൈവത്തിന്റെ പടയാളി). അദ്ദേഹത്തിന്റെ പന്ത്രണ്ട് മക്കളുടെ സന്താന പരമ്പരകള്‍ക്കാണ് 'ബനു ഇസ്രാഈല്‍' (ഇസ്രയേല്‍ സന്തതികള്‍) എന്ന് പറഞ്ഞു വരുന്നത്.പന്ത്രണ്ടു മക്കളില്‍ അവസാനത്തെ രണ്ടു മക്കളായിരുന്നു യൂസുഫും സഹോദരന്‍ ബിന്‍യാമീനും. ഇവര്‍ രണ്ടാളും ഒരു മാതാവില്‍നിന്നുള്ളവരായിരുന്നു. ബിന്‍യാമിന്‍ യൂസുഫിനേക്കാള്‍ കുറേ വയസ്സിന് ഇളയതായിരുന്നു. അദ്ദേഹത്തിന്റെ ജനനസമയത്ത് മാതാവ് മരിച്ചുപോയി. ഇതായിരുന്നു ഈ രണ്ട് കുട്ടികളെ പ്രത്യേകം ശ്രദ്ധിക്കുവാന്‍ യഅ്ഖൂബ് നബിയെ പ്രേരിപ്പിച്ചത്. അതുകാരണം മൂത്ത പുത്രന്മാര്‍ക്ക് അവരുടെ നേരെ കടുത്ത അസൂയ തോന്നിയിരുന്നു.

ٱقۡتُلُواْ يُوسُفَ أَوِ ٱطۡرَحُوهُ أَرۡضٗا يَخۡلُ لَكُمۡ وَجۡهُ أَبِيكُمۡ وَتَكُونُواْ
مِنۢ بَعۡدِهِۦ قَوۡمٗا صَٰلِحِينَ ٩

9. നിങ്ങൾ യൂസുഫിനെ കൊന്നുകളയുക. അല്ലെങ്കിൽ വല്ല ഭൂപ്രദേശത്തും അവനെ കൊണ്ടെറിയുക.എങ്കിൽ നിങ്ങളുടെ പിതാവിൻെറ മുഖം നിങ്ങൾക്ക് (മാത്രമായി)ഒഴിഞ്ഞ് കിട്ടും. അതിനുശേഷം നിങ്ങൾക്ക് നല്ല ആളുകളായി കഴിയുകയും ചെയ്യാം.

قَالَ قَآئِلٞ مِّنۡهُمۡ لَا تَقۡتُلُواْ يُوسُفَ وَأَلۡقُوهُ فِي غَيَٰبَتِ ٱلۡجُبِّ
يَلۡتَقِطۡهُ بَعۡضُ ٱلسَّيَّارَةِ إِن كُنتُمۡ فَٰعِلِينَ ١٠

10. അപ്പോൾ അക്കൂട്ടത്തിലൊരുവൻ പറഞ്ഞു: യൂസുഫിനെ വധിക്കരുത്. നിങ്ങൾക്ക് വല്ലതും ചെയ്യണമെന്നുണ്ടെങ്കിൽ അവനെ ഏതെങ്കിലും കിണററിൻെറ അടിയിലേക്ക് ഇട്ടേക്കുക. വല്ല സഞ്ചാരികളും അവനെ എടുത്ത് കൊണ്ടുപൊയ്ക്കൊള്ളും.

قَالُواْ يَٰٓأَبَانَا مَا لَكَ لَا تَأۡمَ۫نَّا عَلَىٰ يُوسُفَ وَإِنَّا لَهُۥ لَنَٰصِحُونَ ١١

11. (പിതാവിനോട്)അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, അങ്ങക്കെന്തുപറ്റി? യൂസുഫിൻെറ കാര്യത്തിൽ അങ്ങ് ഞങ്ങളെ വിശ്വസിക്കാത്തത് എന്ത്? ഞങ്ങളാകട്ടെ, തീർച്ചയായും അവൻെറ ഗുണകാംക്ഷികളാകുന്നു.

أَرۡسِلۡهُ مَعَنَا غَدٗا يَرۡتَعۡ وَيَلۡعَبۡ وَإِنَّا لَهُۥ لَحَٰفِظُونَ ١٢

12. നാളെ അവനെ ഞങ്ങളോടൊപ്പം അയച്ചാലും. അവൻ (തിന്നും കുടിച്ചും യഥേഷ്ടം) കളിച്ചുല്ലസിക്കട്ടെ. തീർച്ചയായും ഞങ്ങൾ അവനെ കാത്തുസൂക്ഷിച്ചുകൊള്ളാം.

قَالَ إِنِّي لَيَحۡزُنُنِيٓ أَن تَذۡهَبُواْ بِهِۦ وَأَخَافُ أَن يَأۡكُلَهُ ٱلذِّئۡبُ وَأَنتُمۡ عَنۡهُ
غَٰفِلُونَ ١٣

13. (പിതാവ്)പറഞ്ഞു: നിങ്ങൾ അവനെ കൊണ്ടുപോകുന്നത് തീർച്ചയായും എനിക്ക് സങ്കടമുണ്ടാക്കുന്നതാണ്. നിങ്ങൾ അവനെപ്പറ്റി അശ്രദ്ധരായിരിക്കെ, ചെന്നായ അവനെ തിന്നേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു.

قَالُواْ لَئِنۡ أَكَلَهُ ٱلذِّئۡبُ وَنَحۡنُ عُصۡبَةٌ إِنَّآ إِذٗا لَّخَٰسِرُونَ ١٤

14. അവർ പറഞ്ഞു: ഞങ്ങൾ (വലിയ) ഒരു സംഘമായിരിക്കെ അവനെ ചെന്നായ (പിടിച്ചു) തിന്നുകയാണെങ്കിൽ, നിശ്ചയമായും അപ്പോൾ ഞങ്ങൾ നഷ്ടക്കാർ തന്നെയാണല്ലോ.

فَلَمَّا ذَهَبُواْ بِهِۦ وَأَجۡمَعُوٓاْ أَن يَجۡعَلُوهُ فِي غَيَٰبَتِ ٱلۡجُبِّۚ وَأَوۡحَيۡنَآ
إِلَيۡهِ لَتُنَبِّئَنَّهُم بِأَمۡرِهِمۡ هَٰذَا وَهُمۡ لَا يَشۡعُرُونَ ١٥

15. അങ്ങനെ അവനെയുംകൊണ്ട് അവര്‍ പോകുകയും, അവനെ കിണറ്റിനടിയിലേക്ക് ഇടുവാന്‍ അവര്‍ ഒന്നിച്ച് തീരുമാനിക്കുകയും ചെയ്തപ്പോള്‍, അവന് നാം ബോധനം നല്‍കി: നീ അവര്‍ക്ക് അവരുടെ ഈ ചെയ്തിയെക്കുറിച്ച് നീ അവരോട് നിശ്ചയമായും വിവരിച്ചുകൊടുക്കുകതന്നെ ചെയ്യും, (അന്ന്) അവര്‍ അതെപ്പറ്റി ബോധവാന്മാരായിരിക്കുകയില്ല.

وَجَآءُوٓ أَبَاهُمۡ عِشَآءٗ يَبۡكُونَ ﴿١٦﴾

16. സന്ധ്യാസമയത്ത് അവര്‍ തങ്ങളുടെ പിതാവിന്‍റെ അടുത്ത് കരഞ്ഞുകൊണ്ടു വന്നു.

قَالُواْ يَٰٓأَبَانَآ إِنَّا ذَهَبۡنَا نَسۡتَبِقُ وَتَرَكۡنَا يُوسُفَ عِندَ مَتَٰعِنَا فَأَكَلَهُ ٱلذِّئۡبُۖ
وَمَآ أَنتَ بِمُؤۡمِنٖ لَّنَا وَلَوۡ كُنَّا صَٰدِقِينَ ﴿١٧﴾

17. അവര്‍ പറഞ്ഞു: ഞങ്ങളുടെ പിതാവേ, ഞങ്ങള്‍ മത്സരിച്ച് ഓടിപ്പോവുകയും, യൂസുഫിനെ ഞങ്ങളുടെ സാധനങ്ങളുടെ അടുത്ത് വിട്ടേക്കുകയും ചെയ്തു. അപ്പോള്‍ ചെന്നായ അവനെ (പിടിച്ചു)തിന്നു. ഞങ്ങള്‍ എത്ര സത്യം പറയുന്നവരായാലും അങ്ങ് ഞങ്ങളെവിശ്വസിക്കുകയില്ല.

وَجَآءُو عَلَىٰ قَمِيصِهِۦ بِدَمٖ كَذِبٖۚ قَالَ بَلۡ سَوَّلَتۡ لَكُمۡ
أَنفُسُكُمۡ أَمۡرٗاۖ فَصَبۡرٞ جَمِيلٞۖ وَٱللَّهُ ٱلۡمُسۡتَعَانُ عَلَىٰ مَا تَصِفُونَ ﴿١٨﴾

18. അവന്‍റെ(യൂസുഫിന്‍റെ) കുപ്പായത്തില്‍ കള്ളച്ചോര പുരട്ടിയാണ് അവര്‍ വന്നത്. (യഅ്ഖൂബ്)പറഞ്ഞു: അല്ല! നിങ്ങളുടെ മനസ്സുകള്‍ (എന്തോ)ഒരുകാര്യം നിങ്ങള്‍ക്ക് ആകര്‍ഷകമാക്കി. അതിനാല്‍ ഭംഗിയായ ക്ഷമ കൈക്കൊള്ളുകതന്നെ. നിങ്ങള്‍ വിവരിച്ചുണ്ടാക്കുന്നതില്‍ സഹായം തേടപ്പെടേണ്ടവന്‍ അല്ലാഹുവത്രെ.

وَجَآءَتۡ سَيَّارَةٞ فَأَرۡسَلُواْ وَارِدَهُمۡ فَأَدۡلَىٰ دَلۡوَهُۥۖ قَالَ يَٰبُشۡرَىٰ هَٰذَا غُلَٰمٞۚ
وَأَسَرُّوهُ بِضَٰعَةٗۚ وَٱللَّهُ عَلِيمُۢ بِمَا يَعۡمَلُونَ ﴿١٩﴾

19. ഒരു യാത്രാസംഘം (അതുവഴി) വന്നു. അങ്ങനെ അവര്‍ അവര്‍ക്ക് വെള്ളം കൊണ്ടുവരുന്നവനെ(ആ കിണറ്റിനടുത്തേക്ക്)അയച്ചു. അയാള്‍ തന്‍റെ തൊട്ടി ഇറക്കി. അവന്‍ പറഞ്ഞു: ഹായ് സന്തോഷം. ഇതാ ഒരു ബാലന്‍! അവര്‍ ആ കുട്ടിയെ ഒരു കച്ചവടച്ചരക്കാക്കി ഒളിപ്പിച്ചുവെച്ചു. അവര്‍ ചെയ്തുകൊണ്ടിരുന്നതിനെപ്പറ്റി അല്ലാഹു സൂക്ഷ്മമായി അറിവുള്ളവനായിരുന്നു.

وَشَرَوۡهُ بِثَمَنِۭ بَخۡسٖ دَرَٰهِمَ مَعۡدُودَةٖ وَكَانُواْ فِيهِ مِنَ ٱلزَّٰهِدِينَ ﴿٢٠﴾

20. ഒടുവില്‍ അവര്‍ അദ്ദേഹത്തെ തുച്ഛമായ വിലക്ക്-ഏതാനും വെള്ളിക്കാശിന് വില്‍ക്കുകയും ചെയ്തു. അവരാകട്ടെ, അവനില്‍ ഒട്ടും താല്‍പര്യമില്ലാത്തവരുടെ കൂട്ടത്തിലായിരുന്നു.

وَقَالَ ٱلَّذِي ٱشۡتَرَىٰهُ مِن مِّصۡرَ لِٱمۡرَأَتِهِۦٓ أَكۡرِمِي مَثۡوَىٰهُ عَسَىٰٓ أَن يَنفَعَنَآ أَوۡ
نَتَّخِذَهُۥ وَلَدٗاۚ وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِي ٱلۡأَرۡضِ وَلِنُعَلِّمَهُۥ مِن تَأۡوِيلِ
ٱلۡأَحَادِيثِۚ وَٱللَّهُ غَالِبٌ عَلَىٰٓ أَمۡرِهِۦ وَلَٰكِنَّ أَكۡثَرَ ٱلنَّاسِ لَا يَعۡلَمُونَ ﴿٢١﴾

21. ഈജിപ്തിൽ, അദ്ദേഹത്തെ (വിലയ്ക്ക്) വാങ്ങിയ ആൾ തൻെറ പത്നിയോട് പറഞ്ഞു: ഇവ ൻെറ (നമ്മുടെ കൂടെയുള്ള)താമസത്തെ നീ മാന്യമാക്കുക. ഇവൻ നമുക്ക് പ്രയോജനപ്പെട്ടേ ക്കാം. അല്ലെങ്കിൽ നമുക്കിവനെ മകനായി സ്വീകരിക്കാം. അങ്ങനെ യൂസുഫിന് നാം ആ ഭൂപ്രദേശത്ത് സൗകര്യമൊരുക്കിക്കൊടുത്തു. സ്വപ്നവാർത്തകളുടെ വ്യാഖ്യാനം അവനെ നാം പഠിപ്പിക്കുന്നതിനുവേണ്ടി. അല്ലാഹു തൻെറ കാര്യം ജയിച്ചടക്കുന്നവനത്രെ. പക്ഷേ,അധിക മനുഷ്യരും അതറിയുന്നില്ല.

وَلَمَّا بَلَغَ أَشُدَّهُۥٓ ءَاتَيۡنَٰهُ حُكۡمٗا وَعِلۡمٗاۚ وَكَذَٰلِكَ نَجۡزِي ٱلۡمُحۡسِنِينَ ﴿٢٢﴾

22. അവൻ പൂർണവളർച്ച പ്രാപിച്ചപ്പോൾ നാം അവന് യുക്തിബോധവും ജ്ഞാനവും പ്രദാ നം ചെയ്തു. സജ്ജനങ്ങൾക്ക് അപ്രകാരം നാം പ്രതിഫലം നല്കുന്നു.

وَرَٰوَدَتۡهُ ٱلَّتِي هُوَ فِي بَيۡتِهَا عَن نَّفۡسِهِۦ وَغَلَّقَتِ ٱلۡأَبۡوَٰبَ وَقَالَتۡ هَيۡتَ
لَكَۚ قَالَ مَعَاذَ ٱللَّهِۖ إِنَّهُۥ رَبِّيٓ أَحۡسَنَ مَثۡوَايَۖ إِنَّهُۥ لَا يُفۡلِحُ ٱلظَّٰلِمُونَ ﴿٢٣﴾

23. അവൻ(യൂസുഫ്)ഏതൊരുവളുടെ വീട്ടിലാണോ താമസിച്ചിരുന്നത്,അവൾ അവനെ വശീ കരിക്കാൻ ശ്രമിച്ചു. വാതിലുകളടച്ച് അവൾ പറഞ്ഞു: 'നീ ഇങ്ങോട്ട് വരിക.' അവൻ പറഞ്ഞു: അല്ലാഹു ശരണം.നിശ്ചയമായും അവനാണ് എൻെറ രക്ഷിതാവ്. അവൻ എനി ക്കു നല്ലസ്ഥാനം നൽകിയിരിക്കുന്നു. തീർച്ചയായും തെറ്റുചെയ്യുന്നവർ വിജയിക്കുകയില്ല.

23. ഖുർആൻ ഈ സ്ത്രീയുടെ പേർ വ്യക്തമാക്കിയിട്ടില്ല. തൽമൂദിൽ 'സുലൈഖാ'(Zelicha-സെലിഖാ) എന്ന് രേഖപ്പെടുത്തിയതായി വ്യാഖ്യാന ഗ്രന്ഥങ്ങളിൽ കാണുന്നു.

وَلَقَدۡ هَمَّتۡ بِهِۦۖ وَهَمَّ بِهَا لَوۡلَآ أَن رَّءَا بُرۡهَٰنَ رَبِّهِۦۚ
كَذَٰلِكَ لِنَصۡرِفَ عَنۡهُ ٱلسُّوٓءَ وَٱلۡفَحۡشَآءَۚ إِنَّهُۥ مِنۡ عِبَادِنَا ٱلۡمُخۡلَصِينَ ﴿٢٤﴾

24. അവൾക്ക് അവനിൽ ആഗ്രഹമുണ്ടായി. തൻെറ രക്ഷിതാവിൻെറ ദൃഷ്ടാന്തം അവൻ കണ്ടി രുന്നില്ലെങ്കിൽ അവളെ അവനും ആഗ്രഹിക്കുമായിരുന്നു.ഇപ്രകാരം(സംഭവിച്ചത്) തിന്മയും നീചവൃത്തിയും അവനിൽനിന്ന് നാം തിരിച്ചു വിടുന്നതിനുവേണ്ടിയത്രെ. തീർച്ചയായും അവൻ നമ്മുടെ നിഷ്കളങ്ക ദാസന്മാരിൽ പെട്ടവനായിരുന്നു.

وَٱسۡتَبَقَا ٱلۡبَابَ وَقَدَّتۡ قَمِيصَهُۥ مِن دُبُرٖ وَأَلۡفَيَا سَيِّدَهَا لَدَا ٱلۡبَابِۚ قَالَتۡ مَا
جَزَآءُ مَنۡ أَرَادَ بِأَهۡلِكَ سُوٓءًا إِلَّآ أَن يُسۡجَنَ أَوۡ عَذَابٌ أَلِيمٞ ﴿٢٥﴾

25. അവർ രണ്ടുപേരും വാതിൽക്കലേക്കു ഓടി. അവൾ പിന്നിൽനിന്ന് അവൻെറ കുപ്പായം (വലിച്ചു)കീറി. വാതിൽക്കൽ അവളുടെ നാഥനെ(ഭർത്താവിനെ) ഇരുവരും കണ്ടുമുട്ടി. അവൾ പറഞ്ഞു: അങ്ങയുടെ ഭാര്യയുടെ കാര്യത്തിൽ ദുരുദ്ദേശ്യം വെച്ചുപുലർത്തിയ ഒരു വൻെറ പ്രതിഫലം, അവൻ ജയിലിലടക്കപ്പെടുകയോ അല്ലെങ്കിൽ വേദനയേറിയ ശിക്ഷയോ ആയിരിക്കണം.

قَالَ هِىَ رَٰوَدَتْنِى عَن نَّفْسِى ۚ وَشَهِدَ شَاهِدٌ مِّنْ أَهْلِهَآ إِن كَانَ قَمِيصُهُۥ قُدَّ
مِن قُبُلٍ فَصَدَقَتْ وَهُوَ مِنَ ٱلْكَـٰذِبِينَ ﴿٢٦﴾

26. യൂസുഫ് പറഞ്ഞു: അവളാണ് എന്നെ വശീകരിക്കാൻ ശ്രമിച്ചത്. അവളുടെ കുടുംബത്തിൽപെട്ട ഒരു സാക്ഷി ഇപ്രകാരം സാക്ഷ്യം വഹിച്ചു: അവന്റെ കുപ്പായം മുൻവശത്താണ് കീറിയതെങ്കിൽ അവൾ സത്യമാണ് പറഞ്ഞത്. അവൻ കളവ് പറയുന്നവരുടെ കൂട്ടത്തിലാണ്.

وَإِن كَانَ قَمِيصُهُۥ قُدَّ مِن دُبُرٍ فَكَذَبَتْ وَهُوَ مِنَ ٱلصَّـٰدِقِينَ ﴿٢٧﴾

27. എന്നാൽ, അവന്റെ കുപ്പായം പിൻവശത്താണ് കീറിയിട്ടുള്ളതെങ്കിൽ അവൾ പറഞ്ഞത് കള്ളമാണ്. അവൻ സത്യം പറഞ്ഞവരുടെ കൂട്ടത്തിലുമാണ്.

فَلَمَّا رَءَا قَمِيصَهُۥ قُدَّ مِن دُبُرٍ قَالَ إِنَّهُۥ مِن كَيْدِكُنَّ ۖ إِنَّ كَيْدَكُنَّ عَظِيمٌ ﴿٢٨﴾

28. അങ്ങനെ അവന്റെ(യൂസുഫിന്റെ) കുപ്പായം പിൻഭാഗം കീറിയതായി കണ്ടപ്പോൾ അവൻ (യൂസുഫിനെ വാങ്ങിയ ആൾ) പറഞ്ഞു: തീർച്ചയായും ഇത് നിങ്ങളുടെ (സ്ത്രീകളുടെ) കുതന്ത്രത്തിൽ പെട്ടതാണ്. നിങ്ങളുടെ കുതന്ത്രം ഭയങ്കരം തന്നെ.

يُوسُفُ أَعْرِضْ عَنْ هَـٰذَا ۚ وَٱسْتَغْفِرِى لِذَنۢبِكِ ۖ إِنَّكِ كُنتِ مِنَ ٱلْخَاطِـِٔينَ ﴿٢٩﴾

29. യൂസുഫ്! നീ ഇത് അവഗണിച്ചേക്കുക. (സ്ത്രീയോട് പറഞ്ഞു): നീ നിന്റെ തെറ്റിന് മാപ്പ് തേടുക. തീർച്ചയായും നീ തെറ്റുകാരിടെ കൊട്ടത്തിലാകുന്നു.

۞ وَقَالَ نِسْوَةٌ فِى ٱلْمَدِينَةِ ٱمْرَأَتُ ٱلْعَزِيزِ تُرَٰوِدُ فَتَىٰهَا عَن نَّفْسِهِۦ ۖ قَدْ
شَغَفَهَا حُبًّا ۖ إِنَّا لَنَرَىٰهَا فِى ضَلَـٰلٍ مُّبِينٍ ﴿٣٠﴾

30. പട്ടണത്തിലെ സ്ത്രീകൾ പറഞ്ഞു: പ്രഭുവിന്റെ ഭാര്യ തന്റെ വേലക്കാരനെ വശീകരിക്കാൻ ശ്രമിക്കുന്നു. (അവനോടുള്ള)അനുരാഗം അവളുടെ മനം കവർന്നിരിക്കുന്നു. നിശ്ചയമായും നാം അവളെ വ്യക്തമായ വഴികേടിൽ അകപ്പെട്ടതായി കാണുന്നു.

فَلَمَّا سَمِعَتْ بِمَكْرِهِنَّ أَرْسَلَتْ إِلَيْهِنَّ وَأَعْتَدَتْ لَهُنَّ مُتَّكَـًٔا وَءَاتَتْ كُلَّ
وَٰحِدَةٍ مِّنْهُنَّ سِكِّينًا وَقَالَتِ ٱخْرُجْ عَلَيْهِنَّ ۖ فَلَمَّا رَأَيْنَهُۥٓ أَكْبَرْنَهُۥ وَقَطَّعْنَ
أَيْدِيَهُنَّ وَقُلْنَ حَـٰشَ لِلَّهِ مَا هَـٰذَا بَشَرًا إِنْ هَـٰذَآ إِلَّا مَلَكٌ كَرِيمٌ ﴿٣١﴾

31. അങ്ങനെ അവരുടെ തന്ത്രത്തെപ്പറ്റി അവൾ കേട്ടപ്പോൾ അവരുടെ അടുത്തേക്ക് അവൾ ആളെ അയക്കുകയും അവർക്ക് ചാരിയിരിക്കാൻ അവൾ ഇരിപ്പിടങ്ങളൊരുക്കുകയും ചെയ്തു. (പഴങ്ങൾ മുറിക്കാൻ)അവരിൽ ഓരോരുത്തർക്കും അവൾ ഓരോ കത്തികൊടുക്കുകയും ചെയ്തു. (യൂസുഫിനോട്)അവൾ പറഞ്ഞു: അവരുടെ മുന്നിലേക്ക് ചെല്ലുക. അങ്ങനെ

അവർ അവനെ കണ്ടപ്പോൾ അവർക്ക് അവനെപ്പറ്റി വിസ്മയം തോന്നുകയും (അവരറിയാതെ) അവരുടെ കൈകൾ മുറിക്കുകയുംചെയ്തു. (വിസ്മയ ചിത്തരായി) അവർ പറഞ്ഞുപോയി: അല്ലാഹു എത്ര പരിശുദ്ധൻ! ഇത് ഒരു മനുഷ്യനല്ല. ഇത് മാന്യനായ ഒരു മലക്കല്ലാതാരുമല്ല.

قَالَتْ فَذَٰلِكُنَّ ٱلَّذِى لُمْتُنَّنِى فِيهِ ۖ وَلَقَدْ رَٰوَدتُّهُۥ عَن نَّفْسِهِۦ فَٱسْتَعْصَمَ ۖ

وَلَئِن لَّمْ يَفْعَلْ مَآ ءَامُرُهُۥ لَيُسْجَنَنَّ وَلَيَكُونًا مِّنَ ٱلصَّٰغِرِينَ ﴿٣٢﴾

32. (പ്രഭുവിൻെറ ഭാര്യ) പറഞ്ഞു: എന്നാൽ ഏതൊരുവൻെറ കാര്യത്തിൽ നിങ്ങൾ എന്നെ കുറ്റപ്പെടുത്തിയോ അവനാണിത്. തീർച്ചയായും ഞാൻ ഇവനെ വശീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അപ്പോൾ അവൻ (സ്വയം കളങ്കപ്പെടുത്താതെ)കാത്തുസൂക്ഷിക്കുകയാണ് ചെയ്തത്. ഞാൻ അവനോട് ആജ്ഞാപിക്കുന്നത് അവൻ ചെയ്തില്ലെങ്കിൽ തീർച്ചയായും അവൻ ജയിലിലിലടക്കപ്പെടുകയും നിന്ദ്യരുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യും.

قَالَ رَبِّ ٱلسِّجْنُ أَحَبُّ إِلَىَّ مِمَّا يَدْعُونَنِىٓ إِلَيْهِ ۖ وَإِلَّا تَصْرِفْ عَنِّى

كَيْدَهُنَّ أَصْبُ إِلَيْهِنَّ وَأَكُن مِّنَ ٱلْجَٰهِلِينَ ﴿٣٣﴾

33. അവൻ(യൂസുഫ്)പറഞ്ഞു: എൻെറ നാഥാ! ഇവർ എന്നെ ഏതൊന്നിലേക്ക് ക്ഷണിക്കുന്നുവോ അതിനേക്കാൾ എനിക്കിഷ്ടം തടവറയാകുന്നു. ഇവരുടെ കുതന്ത്രം നീ എന്നിൽ നിന്ന് തട്ടിമാറ്റുന്നില്ലെങ്കിൽ ഞാൻ അവരിലേക്ക് ചാഞ്ഞുപോയേക്കും. ഞാൻ അവിവേകികളുടെ കൂട്ടത്തിൽ ആയിപ്പോകുകയും ചെയ്യും.

فَٱسْتَجَابَ لَهُۥ رَبُّهُۥ فَصَرَفَ عَنْهُ كَيْدَهُنَّ ۚ إِنَّهُۥ هُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿٣٤﴾

34. അപ്പോൾ അവൻെറ രക്ഷിതാവ് അവൻെറ പ്രാർത്ഥന സ്വീകരിച്ചു. അങ്ങനെ അവനിൽ നിന്ന് അവരുടെ കുതന്ത്രത്തെ അവൻ തട്ടിമാറ്റുകയും ചെയ്തു. തീർച്ചയായും അവൻ തന്നെയാണ് എല്ലാം കേൾക്കുന്നവനും അറിയുന്നവനും.

ثُمَّ بَدَا لَهُم مِّنۢ بَعْدِ مَا رَأَوُا۟ ٱلْءَايَٰتِ لَيَسْجُنُنَّهُۥ حَتَّىٰ حِينٍ ﴿٣٥﴾

35. പിന്നീട് (യൂസുഫിൻെറ നിരപരാധിത്വത്തിൻെറ) തെളിവുകൾ കണ്ടറിഞ്ഞ ശേഷവും അവനെ ഒരവധിവരെ ജയിലിൽ പാർപ്പിക്കുകതന്നെ വേണമെന്ന് അവർക്ക് തോന്നി.

---

35. യൂസുഫ്നബി കുറ്റക്കാരനല്ലെന്ന് അവിടത്തെ ഭരണാധികാരികൾക്ക് അറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ അതുല്യ സൗന്ദര്യം ഈജിപ്തിലെ നിരവധി മാന്യമഹതികളെ മതിഭ്രമത്തിലകപ്പെടുത്തിയിരുന്നു. അപ്പോൾ പ്രശ്നങ്ങൾ ഒഴിവാക്കാൻ ഈജിപ്തിലെ നേതാക്കന്മാർക്ക് തങ്ങളുടെ സ്ത്രീകളെ നിലക്കുനിർത്തുന്നതിനെക്കാൾ സൗകര്യപ്രദമായ മാർഗം നിരപരാധിയായ യൂസുഫിനെ ജയിലിലിലയക്കുന്നതാണ് എന്നു തോന്നി. അവസാനം അദ്ദേഹത്തെ അവർ തടവിലാക്കുകയും ചെയ്തു.

---

وَدَخَلَ مَعَهُ ٱلسِّجْنَ فَتَيَانِ ۖ قَالَ أَحَدُهُمَآ إِنِّىٓ أَرَىٰنِىٓ أَعْصِرُ خَمْرًا ۖ وَقَالَ

ٱلْءَاخَرُ إِنِّىٓ أَرَىٰنِىٓ أَحْمِلُ فَوْقَ رَأْسِى خُبْزًا تَأْكُلُ ٱلطَّيْرُ مِنْهُ ۖ نَبِّئْنَا

بِتَأْوِيلِهِۦٓ ۖ إِنَّا نَرَىٰكَ مِنَ ٱلْمُحْسِنِينَ ﴿٣٦﴾

36. അവനോടൊപ്പം രണ്ടു യുവാക്കളും ജയിലില്‍ പ്രവേശിച്ചു. അവരിലൊരുവന്‍ പറഞ്ഞു: ഞാന്‍ മദ്യം പിഴിഞ്ഞുകൊണ്ടിരിക്കുന്നതായി സ്വപ്നം കണ്ടിരിക്കുന്നു. മറ്റെയാള്‍ പറഞ്ഞു: ഞാന്‍ എന്‍റെ തലയില്‍ റൊട്ടി ചുമക്കുന്നതായും പക്ഷികള്‍ അതില്‍ നിന്ന് തിന്നുന്നതായും സ്വപ്നം കണ്ടിരിക്കുന്നു. ഞങ്ങള്‍ക്ക് ഇതിന്‍റെ വ്യാഖ്യാനം പറഞ്ഞു തരിക. തീര്‍ച്ചയായും താങ്കളെ സദ്‌വൃത്തനായാണ് ഞങ്ങള്‍ കാണുന്നത്.

قَالَ لَا يَأْتِيكُمَا طَعَامٌ تُرْزَقَانِهِۦٓ إِلَّا نَبَّأْتُكُمَا بِتَأْوِيلِهِۦ قَبْلَ أَن يَأْتِيَكُمَا ۚ
ذَٰلِكُمَا مِمَّا عَلَّمَنِى رَبِّىٓ ۚ إِنِّى تَرَكْتُ مِلَّةَ قَوْمٍ لَّا يُؤْمِنُونَ بِٱللَّهِ وَهُم
بِٱلْءَاخِرَةِ هُمْ كَٰفِرُونَ ٣٧

37. അവന്‍(യൂസുഫ്) പറഞ്ഞു: നിങ്ങള്‍ക്ക് നല്‍കപ്പെടാറുള്ള ഭക്ഷണം നിങ്ങള്‍ക്ക് വന്നെത്തുന്നതിനു മുമ്പായി അതിന്‍റെ വ്യാഖ്യാനം ഞാന്‍ നിങ്ങള്‍ക്ക് വിവരിച്ചു തരാതിരിക്കില്ല. എന്‍റെ നാഥന്‍ എനിക്ക് പഠിപ്പിച്ചുതന്നതില്‍ പെട്ടതത്രെ അത്. അല്ലാഹുവില്‍ വിശ്വസിക്കാത്തവരും പരലോകത്തെ നിഷേധിക്കുന്നവരുമായ ജനത്തിന്‍റെ മാര്‍ഗം ഞാന്‍ ഉപേക്ഷിച്ചിരിക്കുന്നു.

وَٱتَّبَعْتُ مِلَّةَ ءَابَآءِىٓ إِبْرَٰهِيمَ وَإِسْحَٰقَ وَيَعْقُوبَ ۚ مَا كَانَ لَنَآ أَن نُّشْرِكَ
بِٱللَّهِ مِن شَىْءٍ ۚ ذَٰلِكَ مِن فَضْلِ ٱللَّهِ عَلَيْنَا وَعَلَى ٱلنَّاسِ وَلَٰكِنَّ أَكْثَرَ ٱلنَّاسِ
لَا يَشْكُرُونَ ٣٨

38. എന്‍റെ പിതാക്കളായ ഇബ്‌റാഹീമിന്‍റെയും, ഇസ്ഹാഖിന്‍റെയും യഅ്ഖൂബിന്‍റെയും മാര്‍ഗമാണ് ഞാന്‍ പിന്തുടരുന്നത്. അല്ലാഹുവില്‍ ഒന്നിനെയും പങ്കുചേര്‍ക്കാന്‍ ഞങ്ങള്‍ക്ക് അനുവാദമില്ല. അല്ലാഹു ഞങ്ങള്‍ക്കും (മറ്റു) മനുഷ്യരോടും ചെയ്ത അനുഗ്രഹങ്ങളില്‍ പ്പെട്ടതാണിത്. പക്ഷേ, മനുഷ്യരില്‍ അധികപേരും നന്ദി കാണിക്കുന്നില്ല.

يَٰصَىٰحِبَىِ ٱلسِّجْنِ ءَأَرْبَابٌ مُّتَفَرِّقُونَ خَيْرٌ أَمِ ٱللَّهُ ٱلْوَٰحِدُ
ٱلْقَهَّارُ ٣٩

39. എന്‍റെ രണ്ടു ജയില്‍ സ്നേഹിതരേ, വ്യത്യസ്തരായ പല ദൈവങ്ങളാണോ ഉത്തമം? അതല്ല, ഏകനും സര്‍വാധിനാഥനുമായ അല്ലാഹുവാണോ?

مَا تَعْبُدُونَ مِن دُونِهِۦٓ إِلَّآ أَسْمَآءً سَمَّيْتُمُوهَآ أَنتُمْ وَءَابَآؤُكُم
مَّآ أَنزَلَ ٱللَّهُ بِهَا مِن سُلْطَٰنٍ ۚ إِنِ ٱلْحُكْمُ إِلَّا لِلَّهِ ۚ أَمَرَ أَلَّا تَعْبُدُوٓا۟ إِلَّآ
إِيَّاهُ ۚ ذَٰلِكَ ٱلدِّينُ ٱلْقَيِّمُ وَلَٰكِنَّ أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ٤٠

40. അവനെക്കൂടാതെ നിങ്ങള്‍ ആരാധിച്ചുകൊണ്ടിരിക്കുന്നതെല്ലാം നിങ്ങളും നിങ്ങളുടെ പൂര്‍വ്വപിതാക്കളും നാമകരണം ചെയ്തതായ (വെറും) പേരുകള്‍ മാത്രമാണ്. അല്ലാഹു അതിനൊന്നിനും ഒരു പ്രമാണവും ഇറക്കിത്തന്നിട്ടില്ല. വിധികര്‍ത്തൃത്വം അല്ലാഹുവിനല്ലാതെ മറ്റാര്‍ക്കു

മില്ല. അവനെക്കൂടാതെ മറ്റാർക്കും നിങ്ങൾ ആരാധനയർപ്പിക്കരുതെന്ന് അവൻ കല്പിച്ചി രിക്കുന്നു. ഏറ്റം ശരിയായ ജീവിതക്രമം അതാണ്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

يَٰصَٰحِبَيِ ٱلسِّجۡنِ أَمَّآ أَحَدُكُمَا فَيَسۡقِي رَبَّهُۥ خَمۡرٗاۖ وَأَمَّا ٱلۡأٓخَرُ
فَيُصۡلَبُ فَتَأۡكُلُ ٱلطَّيۡرُ مِن رَّأۡسِهِۦۚ قُضِيَ ٱلۡأَمۡرُ ٱلَّذِي فِيهِ تَسۡتَفۡتِيَانِ ﴿٤١﴾

41. എന്റെ രണ്ടു ജയിൽ സ്നേഹിതരേ, നിങ്ങളിൽ ഒരുവൻ തന്റെ യജമാനന്ന് മദ്യം കുടി പ്പിച്ചുകൊണ്ടിരിക്കും. എന്നാൽ മറ്റവനോ, അവൻ ക്രൂശിക്കപ്പെടുന്നതും അവന്റെ തല യിൽ നിന്ന് പറവകൾ കൊത്തിത്തിന്നുന്നതുമാകുന്നു. നിങ്ങൾ ഇരുവരും ഏതൊരു കാര്യ ത്തിൽ വിധി തേടിയോ ആ കാര്യം തീരുമാനിക്കപ്പെട്ടിരിക്കുന്നു.

وَقَالَ لِلَّذِي ظَنَّ أَنَّهُۥ نَاجٖ مِّنۡهُمَا ٱذۡكُرۡنِي عِندَ رَبِّكَ فَأَنسَىٰهُ ٱلشَّيۡطَٰنُ
ذِكۡرَ رَبِّهِۦ فَلَبِثَ فِي ٱلسِّجۡنِ بِضۡعَ سِنِينَ ﴿٤٢﴾

42. അവർ രണ്ടു പേരിൽ രക്ഷപ്പെടുമെന്ന് താൻ കരുതിയ ആളോട് അവൻ (യൂസുഫ്) പറ ഞ്ഞു: നിന്റെ യജമാനന്റെ അടുക്കൽ നീ എന്നെപ്പറ്റി പറയുക. എന്നാൽ തന്റെ യജമാന നോട് അതേക്കുറിച്ച് പറയുന്ന കാര്യം പിശാച് അയാളെ വിസ്മരിപ്പിച്ചു കളഞ്ഞു. അതിനാൽ (യൂസുഫ്) കൊല്ലങ്ങളോളം ജയിലിൽത്തന്നെ കഴിച്ചുകൂട്ടി.

وَقَالَ ٱلۡمَلِكُ إِنِّيٓ أَرَىٰ سَبۡعَ بَقَرَٰتٖ سِمَانٖ يَأۡكُلُهُنَّ سَبۡعٌ
عِجَافٞ وَسَبۡعَ سُنۢبُلَٰتٍ خُضۡرٖ وَأُخَرَ يَابِسَٰتٖۖ يَٰٓأَيُّهَا ٱلۡمَلَأُ أَفۡتُونِي فِي
رُءۡيَٰيَ إِن كُنتُمۡ لِلرُّءۡيَا تَعۡبُرُونَ ﴿٤٣﴾

43. (ഒരിക്കൽ)രാജാവ് പറഞ്ഞു:ഏഴു തടിച്ചു കൊഴുത്ത പശുക്കൾ. അവയെ ഏഴു മെലിഞ്ഞ പശുക്കൾ തിന്നുന്നതായി ഞാൻ സ്വപ്നം കണ്ടിരിക്കുന്നു. ഏഴു പച്ചക്കതിരുകളും മറ്റു ഏഴ് ഉണങ്ങിയ കതിരുകളും(ഞാൻ കണ്ടു). അല്ലയോ പ്രധാനികളേ! എന്റെ ഈ സ്വപ്ന ത്തിന്റെ വ്യാഖ്യാനം എനിക്ക് പറഞ്ഞുതരിക. നിങ്ങൾ സ്വപ്നവ്യാഖ്യാതാക്കളാണെങ്കിൽ!

قَالُوٓاْ أَضۡغَٰثُ أَحۡلَٰمٖۖ وَمَا نَحۡنُ بِتَأۡوِيلِ ٱلۡأَحۡلَٰمِ بِعَٰلِمِينَ ﴿٤٤﴾

44. അവർ പറഞ്ഞു: പലതരം പേക്കിനാവുകൾ! ഞങ്ങൾ പേക്കിനാവുകളുടെ വ്യാഖ്യാനത്തെ പ്പറ്റി അറിയുന്നവരുമല്ല.

وَقَالَ ٱلَّذِي نَجَا مِنۡهُمَا وَٱدَّكَرَ بَعۡدَ أُمَّةٍ أَنَا۠ أُنَبِّئُكُم بِتَأۡوِيلِهِۦ فَأَرۡسِلُونِ ﴿٤٥﴾

45. ആ രണ്ടു പേരിൽ(യൂസുഫിന്റെ ജയിൽ സ്നേഹിതർ) രക്ഷപ്പെട്ടവൻ നീണ്ട കാലയള വിനുശേഷം (യൂസുഫിന്റെ കാര്യം) ഓർമ്മിച്ചുകൊണ്ടു പറഞ്ഞു: അതിന്റെ വ്യാഖ്യാനം ഞാൻ നിങ്ങൾക്ക് അറിയിച്ചുതരാം. ആകയാൽ (അതിന്) എന്നെ അയക്കുവിൻ.

يُوسُفُ أَيُّهَا ٱلصِّدِّيقُ أَفْتِنَا فِى سَبْعِ بَقَرَٰتٍ سِمَانٍ يَأْكُلُهُنَّ سَبْعٌ
عِجَافٌ وَسَبْعِ سُنۢبُلَٰتٍ خُضْرٍ وَأُخَرَ يَابِسَٰتٍ لَّعَلِّىٓ أَرْجِعُ إِلَى
ٱلنَّاسِ لَعَلَّهُمْ يَعْلَمُونَ ﴿٤٦﴾

46. (അവൻ യൂസുഫിന്റെ അടുത്തു ചെന്നു പറഞ്ഞു:) ഹേ, സത്യസന്ധനായ യൂസുഫ്! ഏഴു കൊഴുത്ത പശുക്കളെ തിന്നുകൊണ്ടിരിക്കുന്ന ഏഴ് മെലിഞ്ഞ പശുക്കളുടെയും ഏഴു പച്ചയായ ധാന്യക്കതിരുകളുടെയും വേറെ (ഏഴു)ഉണങ്ങിയ കതിരുകളുടെയും കാര്യത്തിൽ താങ്കൾ ഞങ്ങൾക്ക് വിധി പറഞ്ഞു തരിക. ജനങ്ങൾ അറിയുന്നതിന്നായി ആ വിവരവുമായി എനിക്ക് അവരുടെ അടുത്തേക്ക് മടങ്ങാമല്ലോ.

قَالَ تَزْرَعُونَ سَبْعَ سِنِينَ دَأَبًا فَمَا حَصَدتُّمْ فَذَرُوهُ فِى سُنۢبُلِهِۦٓ إِلَّا قَلِيلًا
مِّمَّا تَأْكُلُونَ ﴿٤٧﴾

47. അദ്ദേഹം(യൂസുഫ്)പറഞ്ഞു: ഏഴുകൊല്ലം നിങ്ങൾ തുടർച്ചയായി കൃഷി ചെയ്യുന്നതാണ്. എന്നിട്ട് നിങ്ങൾ കൊയ്തെടുക്കുന്നവ അവയുടെ കതിരിൽ തന്നെ അതിനെ മാറ്റിവെച്ചേക്കുക; നിങ്ങൾ ഭക്ഷിക്കുന്ന അൽപമൊഴികെ.

ثُمَّ يَأْتِى مِنۢ بَعْدِ ذَٰلِكَ سَبْعٌ شِدَادٌ يَأْكُلْنَ
مَا قَدَّمْتُمْ لَهُنَّ إِلَّا قَلِيلًا مِّمَّا تُحْصِنُونَ ﴿٤٨﴾

48. അനന്തരം,പ്രയാസകരമായ ഏഴു വർഷങ്ങൾ അതിനുശേഷം വരുന്നതാകുന്നു. ഇക്കാലത്ത്, അന്നേയ്ക്കുവേണ്ടി ശേഖരിച്ചുവെച്ചിരുന്നതെല്ലാം തിന്നുതീരും. നിങ്ങൾ പ്രത്യേകം സൂക്ഷിച്ചുവെച്ച അൽപമൊഴികെ.

ثُمَّ يَأْتِى مِنۢ بَعْدِ ذَٰلِكَ عَامٌ فِيهِ يُغَاثُ ٱلنَّاسُ وَفِيهِ يَعْصِرُونَ ﴿٤٩﴾

49. പിന്നീട് അതിനുശേഷം ഒരു വർഷം വരും. അന്ന് ജനങ്ങൾക്ക് സുഭിക്ഷതയുണ്ടാകുകയും അന്ന് അവർ (തങ്ങൾക്കാവശ്യമുള്ള എണ്ണയും മറ്റും) പിഴിഞ്ഞെടുക്കുകയും ചെയ്യും.

وَقَالَ ٱلْمَلِكُ ٱئْتُونِى بِهِۦ ۖ فَلَمَّا جَآءَهُ ٱلرَّسُولُ قَالَ ٱرْجِعْ إِلَىٰ رَبِّكَ
فَسْـَٔلْهُ مَا بَالُ ٱلنِّسْوَةِ ٱلَّٰتِى قَطَّعْنَ أَيْدِيَهُنَّ ۚ إِنَّ رَبِّى بِكَيْدِهِنَّ عَلِيمٌ ﴿٥٠﴾

50. രാജാവ് പറഞ്ഞു: നിങ്ങൾ അവനെ(യൂസുഫിനെ) എന്റെ അടുത്തു കൊണ്ടുവരിക. അങ്ങനെ തന്റെ അടുത്ത് (രാജാവിന്റെ) ദൂതൻ വന്നപ്പോൾ (യൂസുഫ്) പറഞ്ഞു: നീ നിന്റെ യജമാനന്റെ അടുത്തേക്ക് തിരിച്ചു പോവുക. എന്നിട്ട് സ്വന്തം കൈകൾ മുറിപ്പെടുത്തിയ ആ സ്ത്രീകളുടെ നിലപാടെന്താണെന്ന് അദ്ദേഹത്തോട് ചോദിക്കുക. തീർച്ചയായും എന്റെ രക്ഷിതാവ് അവരുടെ കുതന്ത്രത്തെപ്പറ്റി അറിയുന്നവനാണ്.

قَالَ مَا خَطۡبُكُنَّ إِذۡ رَٰوَدتُّنَّ يُوسُفَ عَن نَّفۡسِهِۦۚ قُلۡنَ حَٰشَ
لِلَّهِ مَا عَلِمۡنَا عَلَيۡهِ مِن سُوٓءٖۚ قَالَتِ ٱمۡرَأَتُ ٱلۡعَزِيزِ ٱلۡـَٰٔنَ حَصۡحَصَ
ٱلۡحَقُّ أَنَا۠ رَٰوَدتُّهُۥ عَن نَّفۡسِهِۦ وَإِنَّهُۥ لَمِنَ ٱلصَّٰدِقِينَ ﴿٥١﴾

51. (ആ സ്ത്രീകളെ വിളിച്ചു വരുത്തി രാജാവ്) ചോദിച്ചു: നിങ്ങൾ യൂസുഫിനെ വശപ്പെടുത്താൻ ശ്രമിച്ചപ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരുന്നു?
അവർ പറഞ്ഞു:അല്ലാഹു എത്ര പരിശുദ്ധൻ! അവനെതിരെ ഒരു ദോഷവും ഞങ്ങൾ അറിഞ്ഞിട്ടില്ല. പ്രഭുവിന്റെ ഭാര്യ പറഞ്ഞു: ഇപ്പോൾ സത്യം വെളിപ്പെട്ടു കഴിഞ്ഞു. ഞാൻ അദ്ദേഹത്തെ വശീകരിക്കാൻ ശ്രമിക്കുകയാണുണ്ടായത്. തീർച്ചയായും അദ്ദേഹം സത്യവാന്മാരിൽ പെട്ടവൻ തന്നെയാകുന്നു.

ذَٰلِكَ لِيَعۡلَمَ أَنِّي لَمۡ أَخُنۡهُ بِٱلۡغَيۡبِ وَأَنَّ ٱللَّهَ لَا يَهۡدِي كَيۡدَ
ٱلۡخَآئِنِينَ ﴿٥٢﴾

52. അത് (പ്രഭുവിന്റെ)അഭാവത്തിൽ ഞാൻ അദ്ദേഹത്തെ വഞ്ചിച്ചിട്ടില്ലെന്ന് അദ്ദേഹം അറിയുന്നതിനു വേണ്ടിയാകുന്നു.വഞ്ചകരുടെ കുതന്ത്രങ്ങളെ അല്ലാഹു വിജയത്തിലേക്ക് നയിക്കുകയില്ല എന്നതിനാലുമാകുന്നു (അങ്ങനെ പറയുന്നത്).

۞وَمَآ أُبَرِّئُ نَفۡسِيٓۚ إِنَّ ٱلنَّفۡسَ لَأَمَّارَةُۢ بِٱلسُّوٓءِ إِلَّا مَا رَحِمَ رَبِّيٓۚ إِنَّ رَبِّي
غَفُورٞ رَّحِيمٞ ﴿٥٣﴾

53. ഞാൻ എന്റെ മനസ്സിനെ കുറ്റത്തിൽ നിന്ന് നിരപരാധിയാക്കുന്നില്ല. തീർച്ചയായും (മനുഷ്യ) മനസ്സ് തിന്മക്ക് പ്രേരിപ്പിക്കുന്നതുതന്നെയാകുന്നു- എന്റെ രക്ഷിതാവിന്റെ കാരുണ്യം ലഭിച്ചവനൊഴിച്ച്. തീർച്ചയായും എന്റെ നാഥൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

وَقَالَ ٱلۡمَلِكُ ٱئۡتُونِي بِهِۦٓ أَسۡتَخۡلِصۡهُ لِنَفۡسِيۖ فَلَمَّا كَلَّمَهُۥ قَالَ إِنَّكَ
ٱلۡيَوۡمَ لَدَيۡنَا مَكِينٌ أَمِينٞ ﴿٥٤﴾

54. രാജാവ് പറഞ്ഞു: നിങ്ങൾ അദ്ദേഹത്തെ എന്റെ അടുത്ത് കൊണ്ടുവരിക. ഞാൻ അദ്ദേഹത്തെ എന്റെ പ്രത്യേകക്കാരനായി നിയമിക്കട്ടെ.അങ്ങനെ അദ്ദേഹവുമായി സംസാരിച്ചപ്പോൾ രാജാവ് പറഞ്ഞു:തീർച്ചയായും താങ്കൾ ഇന്ന് നമ്മുടെ അടുക്കൽ സ്ഥാനമുള്ളവനും വിശ്വസ്തനുമാകുന്നു.

قَالَ ٱجۡعَلۡنِي عَلَىٰ خَزَآئِنِ ٱلۡأَرۡضِۖ إِنِّي حَفِيظٌ عَلِيمٞ ﴿٥٥﴾

55. അദ്ദേഹം (യൂസുഫ്) പറഞ്ഞു: രാജ്യത്തിന്റെ ഖജനാവുകളുടെ ചുമതല എന്നെ ഏൽപിക്കുക. തീർച്ചയായും ഞാൻ അറിവുള്ള സൂക്ഷിപ്പുകാരനാകുന്നു.

وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِى ٱلْأَرْضِ يَتَبَوَّأُ مِنْهَا حَيْثُ يَشَآءُ ۚ نُصِيبُ
بِرَحْمَتِنَا مَن نَّشَآءُ ۖ وَلَا نُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿٥٦﴾

56. ഇപ്രകാരം നാം യൂസുഫിന്‌ അന്നാട്ടിൽ-അതിൽ നിന്ന്‌ അവൻ ഉദ്ദേശിക്കുന്നേടത്ത്‌ അവ
ന്‌ താമസിക്കുമാറ്‌ നാം അദ്ദേഹത്തിന്‌ ആ ഭൂപ്രദേശത്ത്‌ സൗകര്യം നൽകി. നാം ഉദ്ദേശി
ക്കുന്നവരെ നമ്മുടെ കാരുണ്യം നാം അനുഭവിപ്പിക്കുന്നു. സജ്ജനങ്ങളുടെ പ്രതിഫലം നാം
പാഴാക്കിക്കളയുന്നതല്ല.

وَلَأَجْرُ ٱلْءَاخِرَةِ خَيْرٌ لِّلَّذِينَ ءَامَنُوا۟ وَكَانُوا۟ يَتَّقُونَ ﴿٥٧﴾

57. എന്നാൽ വിശ്വസിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്തവർക്ക്‌ പരലോകത്തെ പ്രതി
ഫലം തന്നെയാണ്‌ ഉത്തമം.

وَجَآءَ إِخْوَةُ يُوسُفَ فَدَخَلُوا۟ عَلَيْهِ فَعَرَفَهُمْ وَهُمْ لَهُۥ مُنكِرُونَ ﴿٥٨﴾

58. യൂസുഫിന്റെ സഹോദരന്മാർ(ഈജിപ്തിൽ) വന്നു. അങ്ങനെ അവർ അദ്ദേഹത്തിന്റെ
അടുത്ത്‌ പ്രവേശിക്കുകയും ചെയ്തു. അപ്പോൾ അദ്ദേഹം അവരെ തിരിച്ചറിഞ്ഞു. എന്നാൽ
അവർക്ക്‌ അദ്ദേഹത്തെ മനസ്സിലായില്ല.

وَلَمَّا جَهَّزَهُم بِجَهَازِهِمْ قَالَ ٱئْتُونِى بِأَخٍ لَّكُم مِّنْ أَبِيكُمْ ۚ أَلَا تَرَوْنَ أَنِّىٓ
أُوفِى ٱلْكَيْلَ وَأَنَا۠ خَيْرُ ٱلْمُنزِلِينَ ﴿٥٩﴾

59. അങ്ങനെ അവർക്കുള്ള ചരക്കുകൾ സജ്ജീകരിച്ചുകൊടുത്തപ്പോൾ അദ്ദേഹം അവരോട്‌ പറ
ഞ്ഞു: നിങ്ങളുടെ പിതാവ്‌ വഴിയുള്ള സഹോദരനെ നിങ്ങൾ എന്റെ അടുത്ത്‌ കൊണ്ടു
വരിക. ഞാൻ അളവ്‌ തികച്ച്‌ തരുന്നതും ഏറ്റവും നല്ല നിലയിൽ ആതിഥ്യമരുളുന്നതും
നിങ്ങൾ കാണുന്നില്ലേ?

فَإِن لَّمْ تَأْتُونِى بِهِۦ فَلَا كَيْلَ لَكُمْ عِندِى وَلَا تَقْرَبُونِ ﴿٦٠﴾

60. എന്നാൽ അവനെ നിങ്ങൾ എന്റെ അടുത്ത്‌ കൊണ്ടുവരുന്നില്ലെങ്കിൽ, എന്റെ പക്കൽ
നിങ്ങൾക്ക്‌ അളവ്‌(ധാന്യം) ഉണ്ടാകുന്നതല്ല. നിങ്ങൾ എന്നെ സമീപിക്കുകയും വേണ്ട.

قَالُوا۟ سَنُرَٰوِدُ عَنْهُ أَبَاهُ وَإِنَّا لَفَٰعِلُونَ ﴿٦١﴾

61. അവർ പറഞ്ഞു: അവനെ(കിട്ടുന്നതിനു) അവന്റെ പിതാവിനോട്‌ ഞങ്ങൾ ശ്രമിച്ചുനോക്ക
ട്ടെ. തീർച്ചയായും ഞങ്ങൾ അങ്ങനെ ചെയ്യാം.

وَقَالَ لِفِتْيَٰنِهِ ٱجْعَلُوا۟ بِضَٰعَتَهُمْ فِى رِحَالِهِمْ لَعَلَّهُمْ يَعْرِفُونَهَآ
إِذَا ٱنقَلَبُوٓا۟ إِلَىٰٓ أَهْلِهِمْ لَعَلَّهُمْ يَرْجِعُونَ ﴿٦٢﴾

62. അദ്ദേഹം(യൂസുഫ്‌) തന്റെ ഭൃത്യന്മാരോട്‌ പറഞ്ഞു: നിങ്ങൾ അവർ കൊണ്ടുവന്ന ദ്രവ്യം
അവരുടെ ഭണ്ഡാരങ്ങളിൽ തന്നെ (തിരികെ) വെച്ചേക്കുക. അവർ തങ്ങളുടെ കുടുംബ
ത്തിൽ തിരിച്ചെത്തിയാൽ (തങ്ങൾ കൊടുത്ത മുതൽ തിരിച്ചു കിട്ടിയതായി) മനസ്സിലാക്കി
ക്കൊള്ളും. (അപ്പോൾ) അവർ മടങ്ങിവന്നേക്കാം

فَلَمَّا رَجَعُوٓاْ إِلَىٰٓ أَبِيهِمۡ قَالُواْ يَٰٓأَبَانَا مُنِعَ مِنَّا ٱلۡكَيۡلُ فَأَرۡسِلۡ
مَعَنَآ أَخَانَا نَكۡتَلۡ وَإِنَّا لَهُۥ لَحَٰفِظُونَ ٦٣

63. അവർ തങ്ങളുടെ പിതാവിൻെറ അടുത്ത് മടങ്ങിയെത്തിയപ്പോൾ അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, അളന്നുതരുന്നത് ഞങ്ങൾക്ക് തടയപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഞങ്ങളുടെ സഹോദരനെ ഞങ്ങളുടെ കൂടെ അയച്ചുതരിക. എങ്കിൽ ഞങ്ങൾക്ക് അളന്നുകിട്ടുന്നതാണ്. തീർച്ചയായും ഞങ്ങൾ അവനെ കാത്തു രക്ഷിക്കുന്നതാണ്.

قَالَ هَلۡ ءَامَنُكُمۡ عَلَيۡهِ إِلَّا كَمَآ أَمِنتُكُمۡ عَلَىٰٓ أَخِيهِ مِن قَبۡلُۖ فَٱللَّهُ خَيۡرٌ
حَٰفِظٗاۖ وَهُوَ أَرۡحَمُ ٱلرَّٰحِمِينَ ٦٤

64. അദ്ദേഹം(പിതാവ്)പറഞ്ഞു: മുമ്പ്അവൻെറ സഹോദരൻ(യൂസുഫിൻെറ)കാര്യത്തിൽ വിശ്വസിച്ചപോലെയല്ലാതെ ഇവൻെറ കാര്യത്തിലും എനിക്ക് നിങ്ങളെ വിശ്വസിക്കാനാവുമോ? അല്ലാഹുവാണ് ഏറ്റവും നല്ല സംരക്ഷകൻ. അവൻ കാരുണികരിൽ കാരുണികനുമാകുന്നു.

وَلَمَّا فَتَحُواْ مَتَٰعَهُمۡ وَجَدُواْ بِضَٰعَتَهُمۡ رُدَّتۡ إِلَيۡهِمۡۖ قَالُواْ
يَٰٓأَبَانَا مَا نَبۡغِيۖ هَٰذِهِۦ بِضَٰعَتُنَا رُدَّتۡ إِلَيۡنَاۖ وَنَمِيرُ
أَهۡلَنَا وَنَحۡفَظُ أَخَانَا وَنَزۡدَادُ كَيۡلَ بَعِيرٖۖ ذَٰلِكَ كَيۡلٞ يَسِيرٞ ٦٥

65. അവർ അവരുടെ സാധനങ്ങൾ തുറന്നു നോക്കിയപ്പോൾ അവരുടെ ദ്രവ്യം അവർക്കുതന്നെ തിരിച്ച് നൽകപ്പെട്ടിരിക്കുന്നതായി അവർ കണ്ടു. അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, നമുക്ക് ഇനിയെന്തു വേണം? ഇതാ നമ്മുടെ ദ്രവ്യം നമുക്ക് തിരികേ കിട്ടിയിരിക്കുന്നു. നമ്മുടെ കുടുംബത്തിന് ഞങ്ങൾ(ഇനിയും)ധാന്യം കൊണ്ടുവരാം. ഞങ്ങളുടെ സഹോദരനെ ഞങ്ങൾ കാത്തുരക്ഷിക്കുകയും ചെയ്യാം. ഒരൊട്ടകത്തിന് ചുമക്കാവുന്ന അളവ് ഞങ്ങൾക്ക് കൂടുതൽ കിട്ടുകയും ചെയ്യും. അതൊരു നിസ്സാരമായ അളവാകുന്നു.

قَالَ لَنۡ أُرۡسِلَهُۥ مَعَكُمۡ حَتَّىٰ تُؤۡتُونِ مَوۡثِقٗا مِّنَ ٱللَّهِ لَتَأۡتُنَّنِي بِهِۦٓ إِلَّآ
أَن يُحَاطَ بِكُمۡۖ فَلَمَّآ ءَاتَوۡهُ مَوۡثِقَهُمۡ قَالَ ٱللَّهُ عَلَىٰ مَا نَقُولُ وَكِيلٞ ٦٦

66. അദ്ദേഹം (പിതാവ്) പറഞ്ഞു: നിങ്ങൾ (ആപത്തുകളാൽ) വലയം ചെയ്യപ്പെടുന്നതായാലല്ലാതെ അവനെ എൻെറ അടുക്കലേക്കു തിരിച്ചുകൊണ്ടുവരികതന്നെ ചെയ്യുമെന്ന് അല്ലാഹുവിൻെറ നാമത്തിൽ ഉറപ്പുതരുന്നതുവരെ ഞാൻ അവനെ നിങ്ങളോടൊപ്പം അയക്കുകയില്ല. അങ്ങനെ അവർ അദ്ദേഹത്തിന് ഉറപ്പ് നല്കിയപ്പോൾ അദ്ദേഹം പറഞ്ഞു: നാം ഈ പറയുന്നതിന് അല്ലാഹു മേൽനോട്ടക്കാരനാകുന്നു.

وَقَالَ يَٰبَنِيَّ لَا تَدۡخُلُواْ مِنۢ بَابٖ وَٰحِدٖ وَٱدۡخُلُواْ مِنۡ أَبۡوَٰبٖ مُّتَفَرِّقَةٖۖ وَمَآ
أُغۡنِي عَنكُم مِّنَ ٱللَّهِ مِن شَيۡءٍۖ إِنِ ٱلۡحُكۡمُ إِلَّا لِلَّهِۖ عَلَيۡهِ تَوَكَّلۡتُۖ وَعَلَيۡهِ
فَلۡيَتَوَكَّلِ ٱلۡمُتَوَكِّلُونَ ٦٧

67. അദ്ദേഹം പറഞ്ഞു: എന്റെ മക്കളേ,നിങ്ങൾ ഒരേ വാതിലിലൂടെ പ്രവേശിക്കാതെ വ്യത്യസ്ത വാതിലുകളിലൂടെ പ്രവേശിക്കുക. അല്ലാഹുവിങ്കൽ നിന്ന് യാതൊന്നും നിങ്ങളിൽ നിന്ന് തടഞ്ഞു നിർത്താൻ എനിക്കു സാധ്യമല്ല. വിധികർത്തൃത്വം അല്ലാഹുവിന് മാത്രമാകുന്നു. ഞാൻ അവനിൽ ഭരമേല്പിച്ചിരിക്കുന്നു. അതുകൊണ്ട് ഭരമേല്പിക്കുന്നവർ അവനിൽ ഭരമേല്പിക്കട്ടെ.

وَلَمَّا دَخَلُوا۟ مِنْ حَيْثُ أَمَرَهُمْ أَبُوهُم مَّا كَانَ يُغْنِى عَنْهُم مِّنَ ٱللَّهِ مِن شَىْءٍ
إِلَّا حَاجَةً فِى نَفْسِ يَعْقُوبَ قَضَىٰهَا ۚ وَإِنَّهُۥ لَذُو عِلْمٍ لِّمَا عَلَّمْنَـٰهُ وَلَـٰكِنَّ
أَكْثَرَ ٱلنَّاسِ لَا يَعْلَمُونَ ﴿٦٨﴾

68. അവരുടെ പിതാവ് അവരോട് കല്പിച്ച വിധത്തിൽ അവർ (വിവിധ കവാടത്തിലൂടെ) പ്രവേശിച്ചപ്പോൾ അല്ലാഹുവിന്റെ വിധിയിൽ നിന്ന് ഒന്നും അവരിൽനിന്ന് തടഞ്ഞു നിർത്താൻ അദ്ദേഹത്തിനു സാധിച്ചിരുന്നില്ല. യഅ്ഖൂബിന്റെ മനസ്സിലുണ്ടായിരുന്ന ഒരാവശ്യം അദ്ദേഹം പൂർത്തീകരിച്ചുവെന്നു മാത്രം. നാം അദ്ദേഹത്തിന് പഠിപ്പിച്ചു കൊടുത്തിട്ടുള്ളതിനാൽ, തീർച്ചയായും അദ്ദേഹം അറിവുള്ളവനാണ്. പക്ഷേ, മനുഷ്യരിൽ അധികപേരും അറിയുന്നില്ല.

وَلَمَّا دَخَلُوا۟ عَلَىٰ يُوسُفَ ءَاوَىٰٓ إِلَيْهِ أَخَاهُ ۖ قَالَ إِنِّىٓ أَنَا۠ أَخُوكَ فَلَا تَبْتَئِسْ بِمَا
كَانُوا۟ يَعْمَلُونَ ﴿٦٩﴾

69. അവർ യൂസുഫിന്റെ മുമ്പിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം തന്റെ സഹോദരനെ അടുത്തു വരുത്തി. എന്നിട്ട് അവനോട് പറഞ്ഞു:തീർച്ചയായും ഞാൻ തന്നെയാണ് നിന്റെ (നഷ്ടപ്പെട്ടുപോയ)സഹോദരൻ.അതിനാൽ ഇവർ ചെയ്തുകൊണ്ടിരിക്കുന്നതിനെക്കുറിച്ചൊന്നും നീ വിഷമിക്കേണ്ടതില്ല.

فَلَمَّا جَهَّزَهُم بِجَهَازِهِمْ جَعَلَ ٱلسِّقَايَةَ فِى رَحْلِ أَخِيهِ ثُمَّ أَذَّنَ مُؤَذِّنٌ
أَيَّتُهَا ٱلْعِيرُ إِنَّكُمْ لَسَـٰرِقُونَ ﴿٧٠﴾

70. അങ്ങനെ അവർക്കുള്ള ചരക്കുകൾ അവർക്ക് ഒരുക്കിക്കൊടുത്തപ്പോൾ തന്റെ സഹോദരന്റെ ഭാണ്ഡത്തിൽ അദ്ദേഹം(യൂസുഫ്) പാനപാത്രം വെച്ചു. പിന്നീട് ഒരു വിളംബരക്കാരൻ വിളിച്ചു പറഞ്ഞു:ഹേ, യാത്രാസംഘമേ, തീർച്ചയായും നിങ്ങൾ മോഷ്ടാക്കൾ തന്നെയാണ്.

قَالُوا۟ وَأَقْبَلُوا۟ عَلَيْهِم مَّاذَا تَفْقِدُونَ ﴿٧١﴾

71. അവരുടെ നേരെ തിരിഞ്ഞ്(യാത്രാസംഘം)ചോദിച്ചു:എന്താണ് നിങ്ങൾക്ക് നഷ്ടപ്പെട്ടത്?

قَالُوا۟ نَفْقِدُ صُوَاعَ ٱلْمَلِكِ وَلِمَن جَآءَ بِهِۦ حِمْلُ بَعِيرٍ وَأَنَا۠ بِهِۦ زَعِيمٌ ﴿٧٢﴾

72. അവർ പറഞ്ഞു: രാജാവിന്റെ അളവുപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ടുവന്നു തരുന്നവന് ഒരൊട്ടകത്തിന്റെ ചുമട് (ധാന്യം സമ്മാനം)ഉണ്ട്. ഞാൻ അതിന് ഉത്തരവാദി യാകുന്നു.

قَالُوا۟ تَٱللَّهِ لَقَدْ عَلِمْتُم مَّا جِئْنَا لِنُفْسِدَ فِى ٱلْأَرْضِ وَمَا كُنَّا
سَٰرِقِينَ ﴿٧٣﴾

73. അവർ പറഞ്ഞു: അല്ലാഹു തന്നെയാണ (സത്യം)! ഞങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാൻ വേണ്ടി വന്നതല്ലെന്ന് നിങ്ങൾക്ക് അറിയാമല്ലോ. ഞങ്ങൾ മോഷ്ടാക്കളും അല്ല.

قَالُوا۟ فَمَا جَزَٰٓؤُهُۥٓ إِن كُنتُمْ كَٰذِبِينَ ﴿٧٤﴾

74. അവർ ചോദിച്ചു: എന്നാൽ നിങ്ങൾ കള്ളം പറയുന്നവരാണെങ്കിൽ എന്തു ശിക്ഷയാണ് നല്കേണ്ടത്?

قَالُوا۟ جَزَٰٓؤُهُۥ مَن وُجِدَ فِى رَحْلِهِۦ فَهُوَ جَزَٰٓؤُهُۥ ۚ كَذَٰلِكَ نَجْزِى
ٱلظَّٰلِمِينَ ﴿٧٥﴾

75. അവർ പറഞ്ഞു: അതിനുള്ള ശിക്ഷ ആരുടെ ഭാണ്ഡത്തിൽ നിന്നാണോ അത് കണ്ടുകിട്ടു ന്നത് അപ്പോൾ അവൻ തന്നെയാണ് (അവനെ പിടിച്ചുവെക്കുകയാണ്) അതിനുള്ള പിഴ. അപ്രകാരമാണ് ഞങ്ങൾ അക്രമികൾക്ക് പ്രതിഫലം നൽകുന്നത്.

فَبَدَأَ بِأَوْعِيَتِهِمْ قَبْلَ وِعَآءِ أَخِيهِ ثُمَّ ٱسْتَخْرَجَهَا مِن وِعَآءِ أَخِيهِ ۚ كَذَٰلِكَ
كِدْنَا لِيُوسُفَ ۖ مَا كَانَ لِيَأْخُذَ أَخَاهُ فِى دِينِ ٱلْمَلِكِ إِلَّآ أَن يَشَآءَ ٱللَّهُ ۚ نَرْفَعُ
دَرَجَٰتٍ مَّن نَّشَآءُ ۗ وَفَوْقَ كُلِّ ذِى عِلْمٍ عَلِيمٌ ﴿٧٦﴾

76. എന്നിട്ട് (യൂസുഫ്) തന്റെ സഹോദരന്റെ ഭാണ്ഡം പരിശോധിക്കുന്നതിനു മുമ്പ് അവ രുടെ ഭാണ്ഡങ്ങൾ പരിശോധിച്ചു തുടങ്ങി. പിന്നീട് തന്റെ സഹോദരന്റെ ഭാണ്ഡത്തിൽ നിന്ന് അത് പുറത്തെടുത്തു. അപ്രകാരം നാം യൂസുഫിനുവേണ്ടി തന്ത്രം പ്രയോഗിച്ചു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിലല്ലാതെ രാജാവിന്റെ നിയമമനുസരിച്ച് (ഈജിപ്തിലെ രാജ കീയ നിയമമനുസരിച്ച്) തന്റെ സഹോദരനെ പിടിച്ചുവെക്കാൻ അദ്ദേഹത്തിന് സാധി ക്കുമായിരുന്നില്ല. നാം ഉദ്ദേശിക്കുന്നവർക്ക് പദവികൾ ഉയർത്തിക്കൊടുക്കുന്നു. എല്ലാ അറിവുള്ളവരുടെയെല്ലാം മീതെ എല്ലാം അറിയുന്നവനുണ്ട്.

۞ قَالُوٓا۟ إِن يَسْرِقْ فَقَدْ سَرَقَ أَخٌ لَّهُۥ مِن قَبْلُ ۚ فَأَسَرَّهَا يُوسُفُ فِى نَفْسِهِۦ
وَلَمْ يُبْدِهَا لَهُمْ ۚ قَالَ أَنتُمْ شَرٌّ مَّكَانًا ۖ وَٱللَّهُ أَعْلَمُ بِمَا تَصِفُونَ ﴿٧٧﴾

77. അവർ (സഹോദരന്മാർ) പറഞ്ഞു: ഇവൻ മോഷ്ടിച്ചെങ്കിൽ ഇവന്റെ ഒരു സഹോദരനും മുമ്പ് മോഷ്ടിച്ചിട്ടുണ്ട്. എന്നാൽ ഇത് യൂസുഫ് തന്റെ മനസ്സിൽ മറച്ചുവെച്ചു. അവ രോട് അത് വെളിപ്പെടുത്തിയതുമില്ല.അദ്ദേഹം (വ്യംഗ്യമായി)പറഞ്ഞു: നിങ്ങളാണ് മോശ

മായ നിലപാടുകാർ. നിങ്ങഠം പറഞ്ഞുണ്ടാക്കുന്നതിനെപ്പറ്റിയൊക്കെ നന്നായറിയുന്നവനാണ്ᵒ അല്ലാഹു.

قَالُوا۟ يَـٰٓأَيُّهَا ٱلْعَزِيزُ إِنَّ لَهُۥٓ أَبًا شَيْخًا كَبِيرًا فَخُذْ أَحَدَنَا مَكَانَهُۥٓ ۖ إِنَّا نَرَىٰكَ مِنَ ٱلْمُحْسِنِينَ ﴿٧٨﴾

78. അവർ പറഞ്ഞു: പ്രഭോ, ഇവന്ᵒ പടുവൃദ്ധനായ ഒരു പിതാവുണ്ട്ᵒ. അതിനാൽ ഇവനു പകരമായി അങ്ങ്ᵒ ഞങ്ങളിൽ ഒരാളെ പിടിച്ചുവെച്ചാലും. തീർച്ചയായും ഞങ്ങഠം അങ്ങയെ കാണുന്നത്ᵒ വളരെ സദ്ᵒവൃത്തരിൽ ഒരാളായിട്ടാണ്ᵒ.

قَالَ مَعَاذَ ٱللَّهِ أَن نَّأْخُذَ إِلَّا مَن وَجَدْنَا مَتَـٰعَنَا عِندَهُۥٓ إِنَّآ إِذًا لَّظَـٰلِمُونَ ﴿٧٩﴾

79. അദ്ദേഹം പറഞ്ഞു: അല്ലാഹുവിൽ ശരണം! നമ്മുടെ സാധനം ആരുടെ അടുക്കൽ നാം കണ്ടെത്തിയോ അവനെയല്ലാതെ നാം പിടിച്ചു വെക്കുകയോ? എങ്കിൽ തീർച്ചയായും ഞങ്ങഠം അതിക്രമികളായിത്തീരും.

فَلَمَّا ٱسْتَيْـَٔسُوا۟ مِنْهُ خَلَصُوا۟ نَجِيًّا ۖ قَالَ كَبِيرُهُمْ أَلَمْ تَعْلَمُوٓا۟ أَنَّ أَبَاكُمْ قَدْ أَخَذَ عَلَيْكُم مَّوْثِقًا مِّنَ ٱللَّهِ وَمِن قَبْلُ مَا فَرَّطتُمْ فِى يُوسُفَ ۖ فَلَنْ أَبْرَحَ ٱلْأَرْضَ حَتَّىٰ يَأْذَنَ لِىٓ أَبِىٓ أَوْ يَحْكُمَ ٱللَّهُ لِى ۖ وَهُوَ خَيْرُ ٱلْحَـٰكِمِينَ ﴿٨٠﴾

80. അങ്ങനെ അവനെ(സഹോദരനെ) സംബന്ധിച്ച്ᵒ നിരാശരായപ്പോഠം അവർ തനിച്ച്ᵒ മാറിയിരുന്ന്ᵒ കൂടിയാലോചിച്ചു. അവരിൽ മുതിർന്നവൻ പറഞ്ഞു: നിങ്ങഠംക്കറിഞ്ഞുകൂടേ, നിങ്ങളുടെ പിതാവ്ᵒ അല്ലാഹുവിൻെറ പേരിൽ നിങ്ങളോട്ᵒ ഉറപ്പ്ᵒ വാങ്ങിയിട്ടുണ്ടെന്നും, മുമ്പ്ᵒ യൂസുഫിൻെറ കാര്യത്തിൽ നിങ്ങഠം വീഴ്ᵒച വരുത്തിയിട്ടുണ്ടെന്നും. അതിനാൽ എൻെറ പിതാവ്ᵒ എനിക്കനുവാദം തരികയോ അല്ലെങ്കിൽ അല്ലാഹു എനിക്ക്ᵒ (വല്ല പരിഹാരവും)വിധിച്ചു തരികയോ ചെയ്യുന്നതുവരേക്കും ഞാൻ ഈ നാട്ᵒ വിടുകയില്ല. അവൻ (അല്ലാഹു) വിധി കർത്താക്കളിൽ ഏറ്റവും ഉത്തമനത്രെ.

ٱرْجِعُوٓا۟ إِلَىٰٓ أَبِيكُمْ فَقُولُوا۟ يَـٰٓأَبَانَآ إِنَّ ٱبْنَكَ سَرَقَ وَمَا شَهِدْنَآ إِلَّا بِمَا عَلِمْنَا وَمَا كُنَّا لِلْغَيْبِ حَـٰفِظِينَ ﴿٨١﴾

81. നിങ്ങഠം നിങ്ങളുടെ പിതാവിൻെറ അടുത്ത്ᵒ മടങ്ങിച്ചെന്ന്ᵒ പറയുക: ഞങ്ങളുടെ പിതാവേ,തീർച്ചയായും അങ്ങയുടെ മകൻ മോഷ്ᵒടിച്ചു.(ഈ കളവ്ᵒ നടത്തുന്നത്ᵒ ഞങ്ങഠം കണ്ടിട്ടില്ല). ഞങ്ങഠം മനസ്സിലാക്കിയതിൻെറ പേരിൽ മാത്രമാണ്ᵒ ഞങ്ങഠം സാക്ഷ്യം വഹിച്ചിട്ടുള്ളത്ᵒ. ഞങ്ങഠംക്ᵒ അദൃശ്യകാര്യം അറിയുമായിരുന്നില്ല.

وَسۡـَٔلِ ٱلۡقَرۡيَةَ ٱلَّتِى كُنَّا فِيهَا وَٱلۡعِيرَ ٱلَّتِىٓ أَقۡبَلۡنَا فِيهَاۖ وَإِنَّا لَصَـٰدِقُونَ ﴿٨٢﴾

82. ഞങ്ങൾ പോയിരുന്ന രാജ്യക്കാരോടും ഞങ്ങളോടൊപ്പമുണ്ടായിരുന്ന യാത്രാസംഘത്തോടും ചോദിച്ചു നോക്കുക. ഞങ്ങൾ സത്യം പറയുന്നവർ തന്നെയാണ്‌.

قَالَ بَلۡ سَوَّلَتۡ لَكُمۡ أَنفُسُكُمۡ أَمۡرًاۖ فَصَبۡرٌ جَمِيلٌۖ عَسَى ٱللَّهُ أَن يَأۡتِيَنِى
بِهِمۡ جَمِيعًاۚ إِنَّهُۥ هُوَ ٱلۡعَلِيمُ ٱلۡحَكِيمُ ﴿٨٣﴾

83. (യഅ്ഖൂബ്‌) പറഞ്ഞു: അല്ല, നിങ്ങളുടെ മനസ്സുകൾ നിങ്ങൾക്ക്‌ എന്തോ കാര്യം ഭംഗിയായി തോന്നിച്ചിരിക്കുന്നു. അതിനാൽ ഭംഗിയായി ക്ഷമിക്കുകതന്നെ. ഒരുവേള അല്ലാഹു അവരെയെല്ലാവരെയും എന്റെ അടുക്കലെത്തിച്ചേക്കും. തീർച്ചയായും അവൻ എല്ലാം അറിയുന്നവനും യുക്തിജ്ഞനുമല്ലോ.

وَتَوَلَّىٰ عَنۡهُمۡ وَقَالَ يَـٰٓأَسَفَىٰ عَلَىٰ يُوسُفَ وَٱبۡيَضَّتۡ عَيۡنَاهُ
مِنَ ٱلۡحُزۡنِ فَهُوَ كَظِيمٌ ﴿٨٤﴾

84. അവരിൽ നിന്ന്‌ തിരിഞ്ഞുമാറി അദ്ദേഹം പറഞ്ഞു: ഹാ, യൂസുഫിന്റെ കാര്യമെത്ര കഷ്ടം! ദുഃഖം കൊണ്ട്‌ അദ്ദേഹത്തിന്റെ ഇരുകണ്ണുകളും വെളുത്തു. അങ്ങനെ അദ്ദേഹം (ദുഃഖം) കടിച്ചിറക്കിയിരിക്കുകയാണ്‌.

قَالُواْ تَٱللَّهِ تَفۡتَؤُاْ تَذۡكُرُ يُوسُفَ حَتَّىٰ تَكُونَ حَرَضًا أَوۡ تَكُونَ مِنَ
ٱلۡهَـٰلِكِينَ ﴿٨٥﴾

85. അവർ പറഞ്ഞു: അല്ലാഹുവിനെ തന്നെയാണ, അങ്ങ്‌ പറ്റെ അവശനാവുകയോ ജീവൻ വെടിയുകയോ ചെയ്യുന്നത്‌വരെ യൂസുഫിനെ ഓർത്തുകൊണ്ടേയിരിക്കും.

قَالَ إِنَّمَآ أَشۡكُواْ بَثِّى وَحُزۡنِىٓ إِلَى ٱللَّهِ وَأَعۡلَمُ مِنَ ٱللَّهِ مَا لَا تَعۡلَمُونَ ﴿٨٦﴾

86. അദ്ദേഹം പറഞ്ഞു: എന്റെ വേവലാതിയും എന്റെ ദുഃഖങ്ങളും അല്ലാഹുവോട്‌ മാത്രമാണ്‌ ഞാൻ ആവലാതിപ്പെടുന്നത്‌. നിങ്ങൾക്കറിഞ്ഞുകൂടാത്തത്‌ അല്ലാഹുവിൽനിന്ന്‌ ഞാൻ അറിയുന്നുണ്ട്‌.

يَـٰبَنِىَّ ٱذۡهَبُواْ فَتَحَسَّسُواْ مِن يُوسُفَ وَأَخِيهِ وَلَا تَاْيۡـَٔسُواْ مِن رَّوۡحِ ٱللَّهِۖ
إِنَّهُۥ لَا يَاْيۡـَٔسُ مِن رَّوۡحِ ٱللَّهِ إِلَّا ٱلۡقَوۡمُ ٱلۡكَـٰفِرُونَ ﴿٨٧﴾

87. എന്റെ മക്കളേ! നിങ്ങൾ പോകുക! എന്നിട്ട്‌ യൂസുഫിനെയും അവന്റെ സഹോദരനെയും കുറിച്ച്‌ അന്വേഷിക്കുവിൻ! അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചു നിങ്ങൾ നിരാശരാവരുത്‌. അവിശ്വാസികളായ ജനതയല്ലാതെ അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച്‌ നിരാശപ്പെടുന്നതല്ല, തീർച്ച.

فَلَمَّا دَخَلُواْ عَلَيۡهِ قَالُواْ يَـٰٓأَيُّهَا ٱلۡعَزِيزُ مَسَّنَا وَأَهۡلَنَا ٱلضُّرُّ وَجِئۡنَا بِبِضَـٰعَةٍ
مُّزۡجَىٰةٍ فَأَوۡفِ لَنَا ٱلۡكَيۡلَ وَتَصَدَّقۡ عَلَيۡنَآۖ إِنَّ ٱللَّهَ يَجۡزِى ٱلۡمُتَصَدِّقِينَ ﴿٨٨﴾

88. അങ്ങനെ അവർ (യൂസുഫിൻെറ) അടുക്കൽ പ്രവേശിച്ചപ്പോൾ അവർ പറഞ്ഞു: പ്രഭോ, ഞങ്ങളെയും ഞങ്ങളുടെ കുടുംബത്തെയും ദുരിതം ബാധിച്ചിരിക്കുന്നു. നിസ്സാരമായ ചരക്കുകളേ ഞങ്ങൾ കൊണ്ടുവന്നിട്ടുള്ളൂ. അതിനാൽ താങ്കൾ ഞങ്ങൾക്ക് അളവ് മുഴുവൻ തന്നാലും. ഞങ്ങൾക്ക് ധാനം തരികയും വേണം. തീർച്ചയായും ധാനധർമ്മം ചെയ്യുന്നവർക്ക് അല്ലാഹു പ്രതിഫലം നല്കുന്നതാണ്.

قَالَ هَلْ عَلِمْتُم مَّا فَعَلْتُم بِيُوسُفَ وَأَخِيهِ إِذْ أَنتُمْ جَٰهِلُونَ ﴿٨٩﴾

89. അദ്ദേഹം (യൂസുഫ്) പറഞ്ഞു: നിങ്ങൾ അവിവേകികളായിരുന്നപ്പോൾ യൂസുഫിനോടും അവൻെറ സഹോദരനോടും നിങ്ങൾ ചെയ്തതെന്താണെന്ന് അറിയാമോ?

قَالُوٓا۟ أَءِنَّكَ لَأَنتَ يُوسُفُ ۖ قَالَ أَنَا۠ يُوسُفُ وَهَٰذَآ أَخِى ۖ قَدْ مَنَّ ٱللَّهُ عَلَيْنَآ ۖ

إِنَّهُۥ مَن يَتَّقِ وَيَصْبِرْ فَإِنَّ ٱللَّهَ لَا يُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿٩٠﴾

90. അവർ ചോദിച്ചു: നീ തന്നെയാണോ യൂസുഫ്? അദ്ദേഹം പറഞ്ഞു: ഞാൻ തന്നെയാണ് യൂസുഫ്.ഇത് എൻെറ സഹോദരനും.അല്ലാഹു ഞങ്ങളോട് ഔദാര്യം കാണിച്ചിരിക്കുന്നു. ആർ സൂക്ഷ്മത പാലിക്കുകയും ക്ഷമ പാലിക്കുകയും ചെയ്യുന്നുവോ അത്തരം സദ്വൃത്തരുടെ പ്രതിഫലം അല്ലാഹു പാഴാക്കിക്കളയുകയില്ല, തീർച്ച.

قَالُوا۟ تَٱللَّهِ لَقَدْ ءَاثَرَكَ ٱللَّهُ عَلَيْنَا وَإِن كُنَّا لَخَٰطِـِٔينَ ﴿٩١﴾

91. അവർ പറഞ്ഞു: അല്ലാഹുവാണ് സത്യം! തീർച്ചയായും ഞങ്ങൾക്ക് ഉപരി അല്ലാഹു നിന്നെ പരിഗണിച്ചിരിക്കുന്നു. തീർച്ചയായും ഞങ്ങൾ തെറ്റുകാരായിരിക്കുന്നു.

قَالَ لَا تَثْرِيبَ عَلَيْكُمُ ٱلْيَوْمَ ۖ يَغْفِرُ ٱللَّهُ لَكُمْ ۖ وَهُوَ أَرْحَمُ

ٱلرَّٰحِمِينَ ﴿٩٢﴾

92. അദ്ദേഹം പറഞ്ഞു: ഇന്നു നിങ്ങളുടെ പേരിൽ പ്രതികാരനടപടിയൊന്നുമില്ല. അല്ലാഹു നിങ്ങൾക്ക് മാപ്പ് നൽകട്ടെ.അവൻ കരുണയുള്ളവരിൽ വെച്ച് ഏറ്റവും കാരുണികനാകുന്നു.

ٱذْهَبُوا۟ بِقَمِيصِى هَٰذَا فَأَلْقُوهُ عَلَىٰ وَجْهِ أَبِى يَأْتِ

بَصِيرًا وَأْتُونِى بِأَهْلِكُمْ أَجْمَعِينَ ﴿٩٣﴾

93. നിങ്ങൾ എൻെറ ഈ കുപ്പായവുമായി പോകുവിൻ. എന്നിട്ട് അത് എൻെറ പിതാവിൻെറ മുഖത്ത് ഇട്ടു കൊടുക്കുക.അപ്പോൾ അദ്ദേഹം കാഴ്ചയുള്ളവനായിത്തീരും. പിന്നെ നിങ്ങളുടെ കുടുംബത്തെ മുഴുവനും എൻെറ അടുത്ത് കൊണ്ടുവരികയും ചെയ്യുവിൻ.

وَلَمَّا فَصَلَتِ ٱلْعِيرُ قَالَ أَبُوهُمْ إِنِّى لَأَجِدُ رِيحَ يُوسُفَ ۖ لَوْلَآ أَن تُفَنِّدُونِ ﴿٩٤﴾

94. യാത്രാസംഘം (ഈജിപ്റ്റ്)വിട്ടപ്പോൾ (കൻആനിലുള്ള) അവരുടെ പിതാവ് പറഞ്ഞു: തീർച്ചയായും യൂസുഫിൻെറ സുഗന്ധം എനിക്കനുഭവപ്പെടുന്നുണ്ട്. നിങ്ങളെന്നെ ബുദ്ധിഭ്രമം ബാധിച്ചവനായി ആക്ഷേപിക്കുന്നില്ലെങ്കിൽ!

قَالُوا۟ تَٱللَّهِ إِنَّكَ لَفِى ضَلَـٰلِكَ ٱلْقَدِيمِ ﴿٩٥﴾

95. (വീട്ടുകാർ) പറഞ്ഞു: അല്ലാഹുവിനെത്തന്നെയാണ (സത്യം)! നിശ്ചയമമായും താങ്കൾ താങ്കളുടെ പഴയ വഴികേടിൽതന്നെയാണ് (ഇപ്പോഴും).

فَلَمَّآ أَن جَآءَ ٱلْبَشِيرُ أَلْقَىٰهُ عَلَىٰ وَجْهِهِۦ فَٱرْتَدَّ بَصِيرًا ۖ قَالَ أَلَمْ أَقُل لَّكُمْ
إِنِّىٓ أَعْلَمُ مِنَ ٱللَّهِ مَا لَا تَعْلَمُونَ ﴿٩٦﴾

96. അനന്തരം,സന്തോഷവാർത്തയുമായി വരുന്നവൻ എത്തിച്ചേർന്നപ്പോൾ,അയാൾ ആ കുപ്പായം അദ്ദേഹത്തിൻെറ മുഖത്ത് ഇട്ടുകൊടുത്തു. അദ്ദേഹം കാഴ്ചയുള്ളവനായി. അദ്ദേഹം പറഞ്ഞു:ഞാൻ നിങ്ങളോടു പറഞ്ഞിരുന്നില്ലേ; നിങ്ങൾ അറിയാത്ത ചിലത് ഞാൻ അല്ലാഹുവിൽനിന്ന് അറിയുന്നുവെന്ന്?

قَالُوا۟ يَـٰٓأَبَانَا ٱسْتَغْفِرْ لَنَا ذُنُوبَنَآ إِنَّا كُنَّا خَـٰطِـِٔينَ ﴿٩٧﴾

97. അവർ പറഞ്ഞു: ഞങ്ങളുടെ പിതാവേ, അങ്ങ്, ഞങ്ങൾക്കുവേണ്ടി, ഞങ്ങളുടെ പാപമോചനത്തിനായി പ്രാർഥിക്കണേ; തീർച്ചയായും ഞങ്ങൾ തെറ്റുകാരായിരിക്കുന്നു.

قَالَ سَوْفَ أَسْتَغْفِرُ لَكُمْ رَبِّىٓ ۖ إِنَّهُۥ هُوَ ٱلْغَفُورُ ٱلرَّحِيمُ ﴿٩٨﴾

98. അദ്ദേഹം പറഞ്ഞു:നിങ്ങൾക്കുവേണ്ടി ഞാനെൻെറ രക്ഷിതാവിനോട് പാപമോചനത്തിനായി പ്രാർഥിക്കാം. തീർച്ചയായും അവൻ ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

فَلَمَّا دَخَلُوا۟ عَلَىٰ يُوسُفَ ءَاوَىٰٓ إِلَيْهِ أَبَوَيْهِ وَقَالَ ٱدْخُلُوا۟ مِصْرَ إِن شَآءَ ٱللَّهُ
ءَامِنِينَ ﴿٩٩﴾

99. അനന്തരം അവർ യൂസുഫിൻെറ അടുക്കൽ പ്രവേശിച്ചപ്പോൾ അദ്ദേഹം (യൂസുഫ്) തൻെറ മാതാപിതാക്കളെ തന്നിലേക്ക് അടുപ്പിച്ചു.അദ്ദേഹം പറഞ്ഞു:അല്ലാഹു ഉദ്ദേശിക്കുന്ന പക്ഷം സുരക്ഷിതരായി നിങ്ങൾ ഈജിപ്തിൽ പ്രവേശിക്കുവിൻ!

وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّوا۟ لَهُۥ سُجَّدًا ۖ وَقَالَ يَـٰٓأَبَتِ هَـٰذَا تَأْوِيلُ
رُءْيَـٰىَ مِن قَبْلُ قَدْ جَعَلَهَا رَبِّى حَقًّا ۖ وَقَدْ أَحْسَنَ بِىٓ إِذْ أَخْرَجَنِى
مِنَ ٱلسِّجْنِ وَجَآءَ بِكُم مِّنَ ٱلْبَدْوِ مِنۢ بَعْدِ أَن نَّزَغَ ٱلشَّيْطَـٰنُ
بَيْنِى وَبَيْنَ إِخْوَتِىٓ ۚ إِنَّ رَبِّى لَطِيفٌ لِّمَا يَشَآءُ ۚ إِنَّهُۥ هُوَ ٱلْعَلِيمُ ٱلْحَكِيمُ ﴿١٠٠﴾

100. അദ്ദേഹം തൻെറ മാതാപിതാക്കളെ സിംഹാസനത്തിൽ കയറ്റിയിരുത്തി. അവർ അദ്ദേഹത്തിൻെറ മുമ്പിൽ പ്രണാമമർപ്പിക്കുന്നവരായി വീണു. അദ്ദേഹം(യൂസുഫ്) പറഞ്ഞു: എൻെറ പിതാവേ, ഞാൻ പണ്ടു കണ്ടിട്ടുണ്ടായിരുന്ന ആ സ്വപ്നത്തിൻെറ സാക്ഷാൽക്കാരമാണിത്. എൻെറ രക്ഷിതാവ് അത് യാഥാർഥ്യമാക്കിയിരിക്കുന്നു. എന്നെ തടവറയിൽനിന്ന് മോചിപ്പിച്ചപ്പോഴും എനിക്കും എൻെറ സഹോദരങ്ങൾക്കുമിടയിൽ പിശാച് ഭിന്നിപ്പുണ്ടാക്കിയ

ശേഷം അവൻ നിങ്ങളെയെല്ലാം മരുഭൂമിയിൽ നിന്ന് ഇവിടെ കൊണ്ടുവന്നപ്പോഴും അവൻ എന്നോട് വളരെയേറെ ഔദാര്യം കാണിച്ചിരിക്കുന്നു. തീർച്ചയായും എന്റെ രക്ഷിതാവ് താനുദ്ദേശിക്കുന്ന കാര്യങ്ങൾ സൂക്ഷ്മമായി നടപ്പാക്കുന്നവനാണ്. തീർച്ചയായും അവൻ എല്ലാം അറിയുന്നവനും യുക്തിജ്ഞനും തന്നെ.

---

100. ഇവിടെ 'പ്രണാമം'(സുജൂദ്)എന്നതുകൊണ്ട് വിവക്ഷ ആരാധനയുടെ സുജൂദ് ആകുന്ന സാഷ്ടാംഗ നമസ്കാരമല്ല; മറിച്ച് ഉപചാരത്തിന്റെ സുജൂദുകളാകുന്ന തലകുനിക്കൽ, കുനിഞ്ഞു നിൽക്കൽ, മുട്ടുകുത്തൽ പോലുള്ള പ്രണാമങ്ങളിൽ ഒന്നാകുന്നു. ഇന്നും ചില രാജ്യങ്ങളിൽ ഈ സമ്പ്രദായമുണ്ട്. 'കുനിയുക' എന്നതു മാത്രമാണ് സുജൂദിന്റെ മൂലാർത്ഥം. ഇങ്ങനെ കുനിയുന്നതിന് അറബിയിൽ 'സുജൂദ്'' എന്നും ഇംഗ്ലീഷിൽ(bow) എന്നും പറഞ്ഞു വരുന്നു. ഇസ്ലാമിന്റെ സാങ്കേതികാർത്ഥത്തിലുള്ള 'സുജൂദ്'' ആദരവിന് വേണ്ടിയോ അഭിവാദ്യത്തിനുവേണ്ടിയോ പോലും അല്ലാഹു അല്ലാത്തവർക്ക് ചെയ്യുന്നത് ദൈവദത്തമായ ഒരു ശരീഅത്തിലും ഒരിക്കലും അനുവദിക്കപ്പെട്ടിട്ടില്ലെന്ന് ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെടുന്നു.

---

۞رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ وَعَلَّمْتَنِى مِن تَأْوِيلِ
ٱلْأَحَادِيثِ ۚ فَاطِرَ ٱلسَّمَـٰوَٰتِ وَٱلْأَرْضِ أَنتَ وَلِىِّۦ فِى
ٱلدُّنْيَا وَٱلْـَٔاخِرَةِ ۖ تَوَفَّنِى مُسْلِمًا وَأَلْحِقْنِى بِٱلصَّـٰلِحِينَ ﴿١٠١﴾

101. (അദ്ദേഹം പ്രാർഥിച്ചു) എന്റെ നാഥാ! നീ എനിക്ക് അധികാരത്തിൽ നിന്നും (ചിലത്) നല്കുകയും സ്വപ്നങ്ങളുടെ വ്യാഖ്യാനങ്ങളിൽനിന്നും ചിലത് എനിക്ക് നീ പഠിപ്പിച്ചു തരികയും ചെയ്തു. ആകാശങ്ങളുടെയും ഭൂമിയുടെയും സ്രഷ്ടാവേ! ഇഹത്തിലും പരത്തിലും നീയാണെന്റെ രക്ഷകൻ. നീ എന്നെ മുസ്ലിമായി മരിപ്പിക്കുകയും സജ്ജനങ്ങളുടെ കൂട്ടത്തിൽ ചേർക്കുകയും ചെയ്യേണമേ!.

ذَٰلِكَ مِنْ أَنۢبَآءِ ٱلْغَيْبِ نُوحِيهِ إِلَيْكَ ۖ وَمَا كُنتَ لَدَيْهِمْ إِذْ أَجْمَعُوٓا۟ أَمْرَهُمْ
وَهُمْ يَمْكُرُونَ ﴿١٠٢﴾

102. (നബിയേ) നാം നിനക്ക് ബോധനമായി നൽകുന്ന അദൃശ്യവാർത്തകളിൽ പെട്ടതാകുന്നു അത്. (യൂസുഫിനെതിരിൽ)അവർ കൂടിയിരുന്ന് ഗൂഢാലോചന നടത്തി അവർ തങ്ങളുടെ പദ്ധതി തീരുമാനിച്ചപ്പോൾ നീ അവരുടെ അടുക്കൽ ഉണ്ടായിരുന്നില്ലല്ലോ.

وَمَآ أَكْثَرُ ٱلنَّاسِ وَلَوْ حَرَصْتَ بِمُؤْمِنِينَ ﴿١٠٣﴾

103. എന്നാൽ നീ എത്രതന്നെ ആഗ്രഹിച്ചാലും അവരിൽ അധികമാളുകളും വിശ്വസിക്കുന്നവരല്ല.

وَمَا تَسْـَٔلُهُمْ عَلَيْهِ مِنْ أَجْرٍ ۚ إِنْ هُوَ إِلَّا ذِكْرٌ لِّلْعَـٰلَمِينَ ﴿١٠٤﴾

104. നീ ഇതിന്റെ പേരിൽ പ്രതിഫലമൊന്നും ചോദിക്കുന്നില്ല. ഇതാകട്ടെ ലോകർക്കൊക്കെയുള്ള ഒരു ഉൽബോധനം മാത്രമാകുന്നു.

وَكَأَيِّن مِّنْ ءَايَةٍ فِى ٱلسَّمَـٰوَٰتِ وَٱلْأَرْضِ يَمُرُّونَ عَلَيْهَا
وَهُمْ عَنْهَا مُعْرِضُونَ ﴿١٠٥﴾

105. ആകാശങ്ങളിലും ഭൂമിയിലും എത്രയെത്ര ദൃഷ്ടാന്തങ്ങളാണുള്ളത്. അവയെ അവഗണിച്ചു കൊണ്ട് അവർ അവയുടെ അടുത്തു കൂടി കടന്നു പോകുന്നു.

وَمَا يُؤْمِنُ أَكْثَرُهُم بِٱللَّهِ إِلَّا وَهُم مُّشْرِكُونَ ﴿١٠٦﴾

106. അവരിൽ ഏറെ പേരും അല്ലാഹുവിൽ വിശ്വസിക്കുന്നത് അവനിൽ (മറ്റുള്ളവയെ) പങ്കു ചേർക്കുന്നവരായിക്കൊണ്ട് മാത്രമാണ്.

أَفَأَمِنُوٓاْ أَن تَأْتِيَهُمْ غَٰشِيَةٌ مِّنْ عَذَابِ ٱللَّهِ أَوْ
تَأْتِيَهُمُ ٱلسَّاعَةُ بَغْتَةً وَهُمْ لَا يَشْعُرُونَ ﴿١٠٧﴾

107. അവരെ വലയം ചെയ്യുന്ന അല്ലാഹുവിന്റെ ശിക്ഷ അവരിൽ വരികയോ, അല്ലെങ്കിൽ അവർ ഓർക്കാതിരിക്കെ പെട്ടെന്ന് അന്ത്യദിനം അവരിൽ വരികയോ ചെയ്യുന്നതിൽനിന്നും അവർ നിർഭയരായിരിക്കയാണോ?

قُلْ هَٰذِهِۦ سَبِيلِىٓ أَدْعُوٓاْ إِلَى ٱللَّهِ ۚ عَلَىٰ بَصِيرَةٍ أَنَا۠ وَمَنِ ٱتَّبَعَنِى ۖ وَسُبْحَٰنَ
ٱللَّهِ وَمَآ أَنَا۠ مِنَ ٱلْمُشْرِكِينَ ﴿١٠٨﴾

108. പറയുക: ഇതാകുന്നു എന്റെ മാർഗ്ഗം. തികഞ്ഞ ദൃഢബോധ്യത്തോടുകൂടി അല്ലാഹുവിലേക്ക് ഞാൻ ക്ഷണിക്കുന്നു. ഞാനും എന്നെ പിൻപറ്റിയവരും. അല്ലാഹു എത്ര പരിശുദ്ധൻ! ഞാൻ അല്ലാഹുവിൽ പങ്കുചേർക്കുന്നവനല്ല.

وَمَآ أَرْسَلْنَا مِن قَبْلِكَ إِلَّا رِجَالًا نُّوحِىٓ إِلَيْهِم مِّنْ أَهْلِ ٱلْقُرَىٰٓ ۗ أَفَلَمْ يَسِيرُواْ
فِى ٱلْأَرْضِ فَيَنظُرُواْ كَيْفَ كَانَ عَٰقِبَةُ ٱلَّذِينَ مِن قَبْلِهِمْ ۗ وَلَدَارُ ٱلْءَاخِرَةِ
خَيْرٌ لِّلَّذِينَ ٱتَّقَوْاْ ۗ أَفَلَا تَعْقِلُونَ ﴿١٠٩﴾

109. നിനക്കു മുമ്പ് നാം വിവിധ രാജ്യക്കാരിൽ നിന്നും സന്ദേശം നൽകിക്കൊണ്ടിരുന്ന പുരുഷന്മാരെ തന്നെയാണ് നാം ദൂതന്മാരായി നിശ്ചയിച്ചിട്ടുള്ളത്. അയച്ചിട്ടുള്ള ദൂതന്മാരെല്ലാം മനുഷ്യർ തന്നെയായിരുന്നു. എന്നിട്ടും ഇക്കൂട്ടർ (അവിശ്വാസികൾ) ഭൂമിയിൽ സഞ്ചരിച്ച് തങ്ങളുടെ മുൻഗാമികളുടെ അന്ത്യം എങ്ങനെയായിരുന്നുവെന്ന് കണ്ടിട്ടില്ലേ? എന്നാൽ പരലോകമാണ് സൂക്ഷ്മത പാലിച്ചവർക്ക് കൂടുതൽ ഉത്തമമായിട്ടുള്ളത്. ഇതൊന്നും നിങ്ങൾ ചിന്തിക്കുന്നില്ലേ?

حَتَّىٰٓ إِذَا ٱسْتَيْـَٔسَ ٱلرُّسُلُ وَظَنُّوٓاْ أَنَّهُمْ قَدْ كُذِبُواْ جَآءَهُمْ نَصْرُنَا فَنُجِّىَ
مَن نَّشَآءُ ۖ وَلَا يُرَدُّ بَأْسُنَا عَنِ ٱلْقَوْمِ ٱلْمُجْرِمِينَ ﴿١١٠﴾

110. അങ്ങനെ ദൈവദൂതന്മാർ (ജനങ്ങളെക്കുറിച്ച്)നിരാശപ്പെടുകയും അവർ തങ്ങളോട് പറഞ്ഞത് കളവാണെന്ന് ജനം കരുതുകയും ചെയ്തപ്പോൾ നമ്മുടെ സഹായം അവർക്ക് (ദൂതന്മാർക്ക്) വന്നെത്തി. അപ്പോൾ നാം നിശ്ചയിച്ചവർ രക്ഷിക്കപ്പെട്ടു. കുറ്റവാളികളായ ജനത്തിൽ നിന്ന് നമ്മുടെ ശിക്ഷ തട്ടിമാറ്റപ്പെടുകയില്ല.

لَقَد كَانَ فِى قَصَصِهِم عِبرَةٌ لِّأُوْلِى ٱلأَلبَـٰبِ مَا كَانَ حَدِيثًا يُفتَرَىٰ وَلَـٰكِن
تَصدِيقَ ٱلَّذِى بَينَ يَدَيهِ وَتَفصِيلَ كُلِّ شَىءٍ وَهُدًى وَرَحمَةً لِّقَومٍ
يُؤمِنُونَ ﴿١١١﴾

111. അവരുടെ ചരിത്രത്തില്‍ ചിന്തിക്കുന്നവര്‍ക്ക് തീര്‍ച്ചയായും ഗുണപാഠമുണ്ട്. ഇവയൊന്നും കെട്ടിയുണ്ടാക്കുന്ന വര്‍ത്തമാനമല്ല. പ്രത്യുത, അതിന് മുമ്പുള്ള (വേദങ്ങളെ) സത്യപ്പെടുത്തുന്നതും സകല സംഗതികളുടെയും വിശദീകരണവും വിശ്വസിക്കുന്ന ജനത്തിന് വഴി കാട്ടിയും (ദൈവ)കാരുണ്യവുമാകുന്നു.